(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെഎസ്എ, കെറ്റിഎം പി-15-/ 1557/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയതി: 09/10/2025
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
2.ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് കോട്ടയം
3.കാര്യാലയ പകർപ്പ്

# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

നമ്പർ: കെഎസ്എ. കെറ്റിഎം പി-15-/ 1557/2025 | തീയതി: 09/10/2025

**കോട്ടയം ജില്ലയിലെ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-08-2025 തീയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റേത് ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി.ആർ. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 11-08-2025 | 20-08-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-08-2025 | 20-08-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി സുലത വി, ഓഡിറ്റ് ഓഫീസർ (ഹ.ക്യൂ)
ശ്രീ.സുമേഷ് പി.വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.യോഗേഷ്.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പി.വി.സുനിൽ | പ്രസിഡന്റ് | 01-04-2024 | 11-12-2024 |
| ശ്രീ ജോൺസൺ കൊട്ടുകാപ്പള്ളി | പ്രസിഡന്റ് | 12-12-2024 | 31-03-2025 |
| ശ്രീ.ഷിനോദ് പി.ആർ | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പ്രദീപ് പി | അസി.എക്സി.എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി വിദ്യ വേലായുധൻ | അസി.എഞ്ചിനീയർ | 01-04-2024 | 13-01-2025 |
| ശ്രീ. സാം മാത്യു സാബു | അസി.എഞ്ചിനീയർ | 14-01-2025 | 31-03-2025 |
| ഡോ.ബില്ലു ജോൺ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി.[illegible] | 01-04-2024 | 09-09-2024 |

| | | | |
|---|---|---|---|
| ഡോ.വിനീത ജോസഫ് | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി.തലയോലപ്പറമ്പ് | 10-09-2024 | 27-10-2024 |
| ഡോ.രേഖ.ആർ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി.തലയോലപ്പറമ്പ് | 28-10-2024 | 31-03-2025 |
| ഡോ.സപ്ന ജി ഐ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി, അറുന്നൂറ്റിമംഗലം | 01-04-2024 | 12-02-2025 |
| ഡോ. ലിജിമോൻ.റ്റി.കെ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി, അറുന്നൂറ്റിമംഗലം | 13-02-2025 | 31-03-2025 |
| ശ്രീമതി സിന്ധു. എൻ.കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി സരിത. ഇ.കെ | ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ.പ്രശാന്ത്.ബി | വ്യവസായ വികസന ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ.ബിനു തോമസ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2024 | 25-07-2024 |
| ശ്രീമതി ഫസ്മിന എ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ(ഇൻ ചാർജ്ജ്) | 26-07-2024 | 07-10-2024 |
| ശ്രീമതി സിന്ധുമോൾ. ആർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ(ഇൻ ചാർജ്ജ്) | 08-10-2024 | 15-12-2024 |
| ശ്രീമതി സപ്ന.റ്റി.ആർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 16-12-2024 | 31-03-2025 |
| ശ്രീമതി ശിവകുമാരി എം. ആർ. | പട്ടികജാതി വികസന ഓഫീസർ | 01-04-2024 | 05-03-2025 |
| ശ്രീ. അനീഷ് വി നായർ | പട്ടികജാതി വികസന ഓഫീസർ | 05-03-2025 | 11-03-2025 |
| ശ്രീ.പ്രശാന്ത്.കെ.പി | പട്ടികജാതി വികസന ഓഫീസർ | 12-03-2025 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2024-25 | 1-1 |
| 2 | ആസ്തി മൂല്യനിർണ്ണയം നടത്തിയിട്ടില്ല | 1-1-1 |
| 3 | ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല | 1-1-2 |
| 4 | ആസ്തികളുടെ സഞ്ചിത മൂല്യശോഷണം ആസ്തിമൂല്യത്തേക്കാൾ കൂടുതൽ | 1-1-3 |
| 5 | റീഫണ്ടിൽ തുക കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-4 |
| 6 | സമ്പൂർണ്ണ ശുചിത്വം അവശേഷിക്കുന്ന തുക ബാധ്യതയായി അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-5 |
| 7 | MGNREGS വരവ്-ചെലവ് കണക്കുകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-6 |
| 8 | വിനിയോഗിക്കാത്തതായി രേഖപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകൾ RP 40(b) യിൽ ഉൾപ്പെട്ടിരിക്കുന്നു. | 1-1-7 |
| 9 | ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി ഉൾപ്പെടുത്തിയ തുകയുടെ കൃത്യത വ്യക്തമല്ല | 1-1-8 |
| 10 | ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-9 |
| 11 | Government/Other ഫണ്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തികാവലോകനം | 1-3 |
| 14 | ഗ്രാന്റ് വിനിയോഗം | 1-4 |
| 15 | വാർഷികപദ്ധതി | 1-5 |
| 16 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. | 1-6 |
| 17 | സാമൂഹ്യസുരക്ഷാപെൻഷൻ | 1-7 |
| 18 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 19 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | ഇ-ടെണ്ടർ ഫീസ് ബ്ലോക്ക് പഞ്ചായത്തിന് പൂർണ്ണമായി ലഭിച്ചില്ല. | 1-11 |
| 22 | സി.എച്ച്.സി തലയോലപ്പറമ്പ്- വൈദ്യുതി ചാർജ്ജ് അധികമായി അടവാക്കി | 1-12 |
| 23 | തലയോലപ്പറമ്പ് സി.എച്ച്.സിയിൽ ഓപ്പൺ ജിം - പ്രവർത്തനക്ഷമമായില്ല. | 1-13 |
| 24 | അറുന്നൂറ്റിമംഗലം സി.എച്ച്.സിയിൽ അത്യാഹിതവിഭാഗം - പൂർത്തിയായില്ല. | 1-14 |
| 25 | ഭരണസമിതിയംഗങ്ങൾ ചാർജിനത്തിലൂടെ ജി എസ് ടി കോമ്പൻസേഷൻ ക്യാബൽ- 4816/-രൂപയുടെ അധികച്ചെലവ് | 1-15 |
| 26 | കടുത്തുരുത്തി പഞ്ചായത്തിൽ ടാങ്ക് സ്ഥാപിക്കൽ - അപാകതകൾ. | 1-16 |
| 27 | ചാണകം ഉണക്കിപ്പൊടിക്കുന്ന യൂണിറ്റ് - നിർവ്വഹണത്തിലെ അപാകതകൾ. | 1-17 |
| 28 | തലയോലപ്പറമ്പ് സി.എച്ച്.സിയിൽ കെട്ടിടത്തിന്റെ നിർമ്മാണം - അപാകതകൾ പരിഹരിച്ചില്ല | 1-18 |
| 29 | പട്ടികജാതി വനിതാഗ്രൂപ്പുകൾക്ക് തൊഴിൽ സംരംഭം-പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല | 1-19 |
| 30 | ഭവനനിർമ്മാണം -2024-25 വർഷം കരാറിലേർപ്പെട്ട ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-20 |
| 31 | സംരംഭകർക്ക് കെട്ടിട നിർമ്മാണം - പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല | 1-21 |
| 32 | വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുസ്തകവിതരണം -അപാകതകൾ | 1-22 |
| 33 | എച്ച്.എം.സി ഫണ്ടിൽ ഒടുക്കിയ തുക ലബോറട്ടറിയിലെ മെഡിസിൻ ചെലവുകൾക്കായി റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും തുക ചെലവഴിക്കുന്നു | 1-23 |
| 34 | ക്ഷീരമേഖല - ഇതര പ്രവർത്തനങ്ങൾ ലക്ഷ്യമാക്കുന്നതാണ്. | 1-24 |
| 35 | നിക്ഷേപ പ്രവൃത്തികൾ- പൂർത്തീകരണവിവരം / ചെലവുകളുടെ വിനിയോഗവിവരം ലഭ്യമല്ല- ഫണ്ട് തിരിച്ചുപിടിക്കണം. | 1-25 |
| 36 | ഹെൽത്ത് ഗ്രാന്റ്-അവലോകനം | 1-26 |
| 37 | പി എം എ വൈ ഭവനപദ്ധതി- കരാറിലേർപ്പെട്ട അനുബന്ധ ഭൂരഹിത ഗുണഭോക്താക്കൾ ഇടപാടുകൾ നടത്തിയിട്ടില്ല | 1-27 |

ഭാഗം 2

--- No Records Found ---

ഭാഗം 3

--- No Records Found ---

ഭാഗം 4

| | | |
|---|---|---|
| 1 | ലൈസൻസ്-പ്രീമിയം തുക വിവരങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-3 |
| 4 | ഡെപ്പോസിറ്റ് പ്രവൃത്തികളായി നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-5 |
| 6 | വസ്തു/വാടക തിരിച്ചടവ് | 4-6 |

| | | |
|---|---|---|
| 7 | സർട്ടിഫിക്കേഷൻ | 4-7 |
| 8 | ഓഡിറ്റ് ഫീസ് | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | പാർട്ട് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യുപകാരം | 4-11 |
| 12 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-12 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ബാദ്ധ്യതകളുടെ വിശദമായ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2024-25

1. കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണ സമിതിയുടെ 9(1)/ 13.05.2025 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 14.05.2025 - ൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യകമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ,പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2025-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025-ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തീയതി: 09.10.2025 സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 ആസ്തി മൂല്യനിർണ്ണയം നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ 31/03/2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. പഞ്ചായത്തിന്റെ ആസ്തി വിവരങ്ങൾ ക്രോഡീകരിച്ച് ഡിജിറ്റലൈസേഷൻ പൂർത്തിയാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 1-1-2 ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

31/03/2025 തീയതിയിലെ ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല. അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി അക്കൗണ്ടിങ് സമ്പ്രദായം അനുവർത്തിച്ച് തുടങ്ങിയ തീയതിയിൽ താൽക്കാലികമായി(**Provisional**) കണക്കാക്കിയ ആസ്തികളുടെ ആകെ മൂല്യവും വിവിധങ്ങളായ ബാധ്യതകളുടെ ആകെ തുകയും തമ്മിലുള്ള വ്യത്യാസമാണ് ജനറൽ ഫണ്ടായി കണക്കാക്കിയത്. ആസ്തി/ബാധ്യതാ മൂല്യം അന്തിമമായി നിർണ്ണയിക്കുന്നതിനുള്ള പ്രക്രിയ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ നിലവിൽ കണക്കാക്കി വരുന്ന ജനറൽ ഫണ്ട് തുകയും വർഷാന്ത്യ തുകയും അന്തിമമല്ല.

**1-1-3 ആസ്തികളുടെ സഞ്ചിത മൂല്യശോഷണം ആസ്തിമൂല്യത്തേക്കാൾ കൂടുതൽ**

ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂൾ പരിശോധിച്ചതിൽ ആസ്തികളുടെ സഞ്ചിത മൂല്യശോഷണം ആസ്തിമൂല്യത്തേക്കാൾ അധികമായതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആസ്തി | ആസ്തിമൂല്യം | മൂല്യശോഷണം |
|---|---|---|
| **Vehicles** | 2311431 | 2571752 |
| **Other Fixed Assets** | 2609300 | 3367789 |

അപാകം തുടർ വർഷത്തെ വാർഷികകണക്കുകളിൽ പരിഹരിക്കേണ്ടതാണ്.

**1-1-4 റിഡംപ്ഷൻ തുക കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല.**

ബ്ലോക്ക് പഞ്ചായത്തിന്റെ **LGTSB** അക്കൗണ്ടിൽ (അക്കൗണ്ട് നം.**799013000000151**) നീക്കിയിരിപ്പുണ്ടായിരുന്ന 3765431/- രൂപ 30.03.2025 ൽ റിഡംപ്ഷനായി സർക്കാരിലേക്ക് തിരികെയെടുത്തിരുന്നു. എന്നാൽ പ്രസ്തുത തുക ചെലവായി റസീപ്റ്റ് & പേമെന്റ് അക്കൗണ്ടിലും ലഭിക്കാനുള്ള തുകയായി ബാലൻസ് ഷീറ്റിലും ഉൾപ്പെടുത്തിയിട്ടില്ല.

**1-1-5 സമ്പൂർണ്ണ ശുചിത്വം- അവശേഷിക്കുന്ന തുക ബാധ്യതയായി അക്കൗണ്ട് ചെയ്തിട്ടില്ല**

സമ്പൂർണ്ണ ശുചിത്വം അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടായിരുന്ന 639240/- രൂപയും അക്കൗണ്ടിൽ ക്രഡിറ്റായ പലിശ 2784 രൂപയും അക്കൗണ്ട് ക്ലോസ് ചെയ്ത് ബ്ലോക്ക് പഞ്ചായത്തിന്റെ **LGTSB** അക്കൗണ്ടിലേക്ക് മാറ്റിയിരുന്നു. എന്നാൽ പ്രസ്തുത 642024/- (639240+2784)രൂപ ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂളിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

**1-1-6 MGNREGS വരവ്-ചെലവ് കണക്കുകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽ വലിയ തുക ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിലും ഇവയുടെ സാമ്പത്തിക വിനിമയങ്ങൾ നേരിട്ട് ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ട് വഴിയല്ല നടക്കുന്നത് എന്നതിനാൽ സമ്പൂർണ്ണമായ വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.ഇത് സംബന്ധമായി പിന്തുടരേണ്ടതായ അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് തത്വം പരിഗണിക്കേണ്ടതും ഇവയുടെ സാമ്പത്തിക വിനിമയങ്ങൾ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രതിഫലിപ്പിക്കേണ്ടതുമാണ്.

**1-1-7 വിനിമയമില്ലാത്തതായി രേഖപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകൾ RP 40(b) യിൽ ഉൾപ്പെട്ടിരിക്കുന്നു.**

**RP40(b)** ഷെഡ്യൂൾ പ്രകാരം ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ സീറോ ബാലൻസ് ആയി അവശേഷിക്കുന്നുണ്ട്. മേൽ ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ നടക്കുന്നില്ല. അക്കൗണ്ടുകൾ ആവശ്യമില്ലാത്തപക്ഷം ഭരണ സമിതിയുടെ അംഗീകാരത്തോടെ ക്ലോസ് ചെയ്ത് **RP 40(b)** ഷെഡ്യൂളിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.

**1-1-8 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി ഉൾപ്പെടുത്തിയ തുകയുടെ കൃത്യത വ്യക്തമല്ല**

ബാലൻസ് ഷീറ്റിലെ ബി-11(a) ഷെഡ്യൂളിൽ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി 1103120/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന്റെ കൃത്യത വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മരാമത്ത് പണികളിൽ ഓരോ വർഷവും പാർട്ട് ബിൽ നൽകുന്നതുകകൾ തന്നെയാണ് ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി ഉൾപ്പെടുത്തുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.

**1-1-9 ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല**

ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ ബി-7 ഷെഡ്യൂളിലെ തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**1-1-10 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.**

സർക്കാരിലേക്കും വിവിധ ഏജൻസികളിലേക്കും ഒടുക്കാനുള്ള തുകകളുടെ വിനിമയം നിരീക്ഷിക്കുന്ന **Government And Other Dues** രജിസ്റ്റർ സൂക്ഷിക്കുന്നില്ല. 31/03/2025 ലെ ബാലൻസ് ഷീറ്റ് 350800299 - **Other Liabilities** എന്ന ശീർഷകത്തിൽ 18000/- രൂപ മാത്രമാണ് നിലനിൽക്കുന്നത്. രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ വിവിധ റിക്കവറികൾ ഒടുക്കാനുള്ളവയുടെ വിശദാംശം, ഇനം, ലഭിച്ച കാലയളവ് എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമല്ല. സർക്കാരിലേക്കും വിവിധ ഏജൻസികളിലേക്കും ഒടുക്കാനുള്ള തുകകളുടെ വിനിമയം നിരീക്ഷിക്കുന്ന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

**1-2 ബജറ്റ്**

ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള ബജറ്റ്, ഭരണസമിതിയുടെ 13.02.2024 -ലെ 1 (1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റ് തുകകളിലുണ്ടായ വ്യതിയാനത്തിന്റെയും വാർഷികപദ്ധതിയിൽ വരുത്തിയ ഭേദഗതികളുടെയും അടിസ്ഥാനത്തിൽ ബജറ്റ് പുതുക്കി തയ്യാറാക്കുകയും ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 3-3-25 തീയതിയിലെ തീരുമാനപ്രകാരം (അജണ്ട- 1) അംഗീകരിക്കുകയും ചെയ്തു. ബജറ്റ് പ്രകാരവും പുതുക്കിയ ബജറ്റ് പ്രകാരവുമുള്ള വരവ് - ചെലവ് കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 22,04,322 | 30,87,633 |
| വരവ് | 9,07,13,300 | 9,53,80,622 |
| ആകെ | 9,29,17,622 | 9,84,68,255 |
| ചെലവ് | 9,16,96,400 | 9,60,58,808 |
| നീക്കിയിരിപ്പ് | 12,21,222 | 24,09,447 |

ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ താരതമ്യത്തിന് അതീതമായ വ്യത്യാസം നിലനിൽക്കുന്നു. ബജറ്റിൽ വകയിരുത്തിയിട്ടുള്ള ചില ഇനങ്ങളുടെ സാമ്പത്തിക വിനിമയങ്ങൾ വാർഷികകണക്കിൽ പ്രതിഫലിക്കുന്നില്ല. (**MLA, MP** പ്രാദേശിക ഫണ്ടിനത്തിൽ ബജറ്റിൽ വകയിരുത്തിയിരിക്കുന്നത് 70.47 ലക്ഷം രൂപയാണ്, എന്നാൽ ഇവയുടെ വരവ്/ചെലവ് കണക്കുകൾ വാർഷികകണക്കിൽ ഉൾപ്പെടുന്നില്ല) നേരിട്ട് ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ട് മുഖാന്തിരം ഇവയുടെ സാമ്പത്തിക വിനിമയം നിർവ്വഹിക്കപ്പെടാത്തതിനാൽ ഇവ വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിക്കാത്തതും ബജറ്റും യഥാർത്ഥകണക്കുകളും തമ്മിലുള്ള വലിയ വ്യതിയാനത്തിന് ഒരുകാരണമാണ്. പഞ്ചായത്ത് രാജ് നിയമം അനുശാസിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് ശാസ്ത്രീയമായി തയ്യാറാക്കേണ്ടതും പ്രത്യക്ഷ വ്യതിയാനങ്ങൾ കുറിപ്പുകളിലൂടെ വിശദീകരിക്കേണ്ടതുമാണ്.

**1-3 സാമ്പത്തികവിശകലനം**

റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 3762268.0 |
| ഓഡിറ്റ് വർഷത്തെ വരവ് | 8,69,65,198 |
| ആകെ | 90727466.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 7,80,08,991 |
| നീക്കിയിരിപ്പ് | 12718475.00 |

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 86516829.00 |
| ആകെ ചെലവ് | 88003206.00 |
| പ്രവർത്തന മിച്ചം | -1486377.00 |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം **(Prior Period Adjustment)** | 9100.00 |
| അറ്റ പ്രവർത്തന നഷ്ടം | -1495477.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| (ചാർജ് ചെയ്യാവുന്നത്) | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,574,715/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | പ്രാരംഭബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ബാക്കിയായതുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 25461000 | 25461000 | 25461000 | 0 | 100 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 13842000 | 13842000 | 12581330 | 1260670 | 91 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 62000 | 62000 | 62000 | 0 | 100 |
| മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ് | 0 | 16630000 | 16630000 | 16630000 | 0 | 100 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 2096856 | 9836016 | 11932872 | 9111520 | 2821352 | 76 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് | 816194 | 4558676* | 5374870 | 4220526 | 1154344 | 78.5 |
| ഹെൽത്ത് ഗ്രാന്റ് | 105367 | 4226706 | 4332073 | 67456 | 4264617 | 1.55 |

* അലോട്ട്മെന്റ് തുകയായ 4333090/- രൂപയോടൊപ്പം ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റായ പലിശ 225586/- രൂപ ഉൾപ്പെടെയുള്ള തുക

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്യുന്നതിലെയും വിനിയോഗത്തിലെയും അപാകതകളും വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

- മുളക്കുളം ഗ്രാമപഞ്ചായത്ത് വാർഡ് 17 പോലീസ് സ്റ്റേഷൻപടി ബസ് കാത്തിരിപ്പ് കേന്ദ്രം നിർമ്മാണം എന്ന പ്രോജക്ടിലുൾപ്പെടുത്തി(പ്രോജക്ട് നം.130/25) ധനകാര്യകമ്മീഷൻ ഗ്രാന്റ് -അൺടൈഡ് ഫണ്ടിൽ നിന്നും 126727/- രൂപയുടെ ചെലവ് സാംഖ്യ ACR ൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ പ്രസ്തുത ചെലവ് പ്രതിഫലിച്ചിട്ടില്ല.
- ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ തനിവർഷത്തെ മറ്റ് അലോട്ട്മെന്റുകൾ കൂടാതെ 2023-24 വർഷം ലഭിക്കാതിരുന്ന ടൈഡ് ഫണ്ട് രണ്ടാം ഗഡു ബാങ്ക് അക്കൗണ്ടിലേക്കും 2020-21 മുതൽ 2022-23 വരെ ചെലവഴിക്കാതെ ബാക്കിയായ ടൈഡ്-അൺടൈഡ് ഫണ്ടുകൾ രണ്ട് ഗഡുക്കളായി ട്രഷറിയിലും അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ട്.
- ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ ബാങ്ക് അക്കൗണ്ടിലെ തുകയ്ക്ക് തനി വർഷം ലഭിച്ച പലിശ 225586 /- രൂപ അൺടൈഡ് ഗ്രാന്റിനത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. എന്നാൽ പ്രസ്തുത പലിശ തുക വാർഷിക ധനകാര്യ പത്രിക, എ.സി.ആർ എന്നിവയിൽ പ്രതിഫലിച്ചിട്ടില്ല.

മേൽ അപാകതകൾക്കും ഖണ്ഡിക 1-2 ൽ പരാമർശിക്കുന്ന അപാകതകൾക്കും വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 വാർഷികപദ്ധതി

ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വാർഷിക പദ്ധതിക്ക് ഭരണസമിതിയുടെ 29.01.2024 ലെ 2(1)-ാം നമ്പർ തീരുമാനപ്രകാരം ഭരണാനുമതിയും ജില്ലാ ആസൂത്രണ സമിതിയുടെ 13.02.2024 ലെ 84898/23 /DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം നിർവ്വഹണാംഗീകാരവും ലഭിച്ചിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മൂന്നാമത്തെ വർഷമായ 2024-25ലെ വാർഷികപദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19-4-22ലെ സ.ഉ(കൈ) നം 84/2022 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായ നടപടിക്രമങ്ങൾ ബ്ലോക്ക്പഞ്ചായത്ത് തൃപ്തികരമായി നിറവേറ്റിയിട്ടുള്ളതായി രേഖകളിൽനിന്നും ബോധ്യമാകുന്നു . പദ്ധതി ആസൂത്രണത്തിന്റെ പ്രാഥമികഘട്ടമായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ച് രൂപീകരിക്കുകയും വികസനരേഖ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ലഭ്യമാക്കിയ രേഖകൾപ്രകാരം പദ്ധതി ആസൂത്രണവും/ രൂപീകരണവുമായി ബന്ധപ്പെട്ട് ബ്ലോക്ക്പഞ്ചായത്ത് പിൻതുടർന്ന നടപടിക്രമങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തനഘട്ടം | തീയതി |
|---|---|
| ആസൂത്രണസമിതിയോഗം | 23-11.23 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന തീയതി | 30-11-23 |
| പദ്ധതി രൂപീകരണബ്ലോക്ക് ഗ്രാമസഭകൾ | 11-1-24 |
| വികസനസെമിനാർ | 24-01-24 |
| ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി അന്തിമ അംഗീകാരം നൽകിയ തീയതി | 29-01-24-ലെ അജണ്ട -2(1) |

(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 160 | 10,44,59,346/- | 145 | 7,37,44,809/- | 15 | 90.62 |

ആകെ 160 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 145 പ്രോജക്ടുകൾ പൂർണ്ണമായോ ഭാഗികമായോ നടപ്പാക്കിയിട്ടുണ്ട്. സ്പിൽ ഓവർപ്രോജക്ടുകൾ 55 എണ്ണവും പുതിയ പ്രോജക്ടുകൾ 105 എണ്ണവും നടപ്പാക്കിയിട്ടുണ്ട്.

സർക്കാർ ഗ്രാന്റുകളുടെ വിനിയോഗത്തിൽ വർദ്ധനവ്

ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വാർഷികപദ്ധതിക്കായി ലഭ്യമായ വിവിധ വിഭാഗം സർക്കാർ ഗ്രാന്റുകളിൽ പൊതുവിഭാഗത്തിലും പട്ടികവർഗ്ഗ വിഭാഗത്തിലുമുള്ള വികസനഫണ്ടും സംരക്ഷണഗ്രാന്റും 100 ശതമാനം വീതവും വികസനഫണ്ട് എസ് സി പി 91 ശതമാനവും തൻവർഷം ചെലവഴിക്കാനായി. മുൻവർഷത്തെ അപേക്ഷിച്ച് പ്രസ്തുത ഫണ്ടിനങ്ങൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചതും ചെലവുശതമാനം വർദ്ധിച്ചതും പദ്ധതി പ്രവർത്തനങ്ങളുടെ മികവ് വ്യക്തമാക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ

ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ 10 സ്ഥാപനങ്ങളിലേതുൾപ്പെടെ ആകെ 9 നിർവ്വഹണോദ്യോഗസ്ഥർക്കായി പദ്ധതിനിർവ്വഹണചുമതല വിഭജിച്ച് നൽകിയിരുന്നു. നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ

| നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകാരം കിട്ടിയ പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് | ചെലവുശതമാനം |
|---|---|---|---|---|---|
| ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ | 7 | 7 | 2237104 | 1847676 | 82.6 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറി | 47 | 37 | 38176416 | 23108969 | 60.5 |
| മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | 20 | 17 | 10171625 | 7698339 | 75.7 |
| പട്ടികജാതി വികസനഓഫീസർ | 3 | 3 | 5413588 | 4037388 | 74.5 |
| അസിസ്റ്റന്റ് ഡയറക്ടർ, ക്ഷീര | 6 | 7 | 1573066 | 1418956 | 90.2 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 4 | 4 | 2478961 | 1843046 | 74.35 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1274500 | 274500 | 21.5 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, എൽ.എസ്.ജി.ഡി | 3 | 3 | 516831 | 498599 | 96.5 |
| അസിസ്റ്റന്റ് എൻജിനീയർ | 65 | 57 | 42617255 | 33017336 | 77.5 |
| | 160 | 145 | 10,44,59,346/- | 7,37,44,809/- | 70.59% |

<u>ബി) വകയിരുത്തലിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതിചെലവ്</u> 70.59% മാത്രം

തൻവർഷം ലഭ്യമായ പൊതുവിഭാഗം വികസനഫണ്ടും സംരക്ഷണഗ്രാന്റും 100 ശതമാനവും ചെലവഴിക്കാനായെങ്കിലും വിവിധ വിഭവസ്രോതസ്സുകളിൽ നിന്നായി 10.44 കോടി രൂപ വകയിരുത്തിയതിൽ 7.37 കോടി രൂപ മാത്രമേ ചെലവഴിക്കാനായിട്ടുള്ളൂ. വകയിരുത്തലിന്റെ അടിസ്ഥാനത്തിൽ പദ്ധതിചെലവ് 70.59% മാത്രമാണ്. മുന്നിരിപ്പുൾപ്പെടെ 43 ലക്ഷത്തിലധികം രൂപ ലഭ്യമായിരുന്നിട്ടും കേവലം 67,456/-രൂപയാണ് ഹെൽത്ത് ഗ്രാന്റിനത്തിൽ ചെലവഴിച്ച തുക . ധനകാര്യകമ്മീഷൻ ഗ്രാന്റ് തുകയും വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. വിവിധ പ്രോജക്ടുകൾക്കായി ഗ്രാമ / ജില്ലാപഞ്ചായത്തുവിഹിതമായി വലിയതുക വകയിരുത്തിയെങ്കിലും വകയിരുത്തിയതിനേക്കാൾ വളരെ കുറഞ്ഞ തുക മാത്രം ലഭ്യമായത് , വാർഷികപദ്ധതിയിൽ വകയിരുത്തിയ തുക ഗ്രാമപഞ്ചായത്തുകൾ നേരിട്ട് ചെലവഴിച്ചത് വരവുചെലവുപത്രികയിൽ പ്രതിഫലിക്കാതിരുന്നത് (ഗ്രാമവണ്ടി പ്രോജക്ട് ചെലവ്) കേന്ദ്രാവിഷ്കൃത ഫണ്ട് 24ലക്ഷം രൂപ വകയിരുത്തിയെങ്കിലും ചെലവ് പദ്ധതിചെലവിൽ ഉൾപ്പെടാതെവന്നത് മുതലായ കാരണങ്ങളാണ് ചെലവുശതമാനം കുറഞ്ഞത്

<u>വാർഷികപദ്ധതി -വിലയിരുത്തൽ</u>

- 10.44 കോടി രൂപ വകയിരുത്തിയിരുന്നെങ്കിലും 7.37/-കോടി രൂപയേ ചെലവഴിച്ചിട്ടുള്ളൂ എന്നതിനാൽ വാർഷികപദ്ധതിച്ചെലവ് 70.59% മാത്രമാണ്.

ദാരിദ്ര്യനിർമ്മാർജ്ജനം ലക്ഷ്യമാക്കി പൊതു/പട്ടികജാതി വിഭാഗം ഗുണഭോക്താക്കൾക്കായി ആവിഷ്ക്കരിച്ച ലൈഫ്, പി.എം.എ.വൈ പാർപ്പിട പദ്ധതികൾക്കായി തൻവർഷം ബ്ലോക്ക്പഞ്ചായത്തിന്റെ പദ്ധതിവിഹിതത്തിൽ നിന്നും എൺപതുലക്ഷത്തിലധികം രൂപ ചെലവഴിച്ചിട്ടുണ്ട്.

- കാർഷികമേഖലയ്ക്ക് ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുത്തുകൊണ്ടുള്ള വികസനകാഴ്ച്ചപ്പാടോടുകൂടി ഉത്പ്പാദനവർദ്ധനവിനും വിപണനസാധ്യതയ്ക്കും ഉതകുന്ന തരത്തിലുള്ള പ്രോജക്ടുകൾ നടപ്പാക്കാൻ ലക്ഷ്യമിടുകയും ആയതനുസരിച്ച് ഏകദേശം പതിനെട്ടോളം വിവിധ പദ്ധതി നിർദ്ദേശങ്ങൾ പദ്ധതി രൂപീകരണ ഗ്രാമസഭയിൽ ഉയർന്നുവരികയും ചെയ്തിരുന്നു. കല്ലറ പഞ്ചായത്തിലെ പാടശേഖരങ്ങൾക്ക് അടിസ്ഥാനസൗകര്യമൊരുക്കുക ,തരിശ്കൃഷിക്ക് പ്രോത്സാഹനവും ധനസഹായവും നൽകുക, കാർഷികോപകരണങ്ങൾ വിതരണം ചെയ്യുക വാലേച്ചിറ കൃഷിഫാം ശക്തിപ്പെടുത്തി ബ്ലോക്കിന്റെ വിവിധ പഞ്ചായത്തുകൾക്കാവശ്യമായ നടീൽവസ്തുക്കൾ ഉത്പ്പാദിപ്പിക്കുകയും ആധുനികകൃഷിരീതികൾ കർഷകരെ പഠിപ്പിക്കുന്നതിനുള്ള കേന്ദ്രമാക്കി ഉയർത്തുക മുതലായവ ഉദാഹരണങ്ങളാണ്. എന്നാൽ

ഇവയൊന്നും വാർഷികപദ്ധതിയിൽ ഉൾപ്പെട്ടില്ല.

• ചെറുകിട വ്യവസായ മേഖലയിൽ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ സംസ്കരണവും വിപണനവും ലക്ഷ്യമാക്കിയുള്ള സംരംഭങ്ങൾ ആരംഭിക്കുക, എഴുമാന്തുരുത്ത് ടൂറിസം സ്പോട്ടായി വികസിപ്പിച്ച് അവിടെ സംരംഭങ്ങൾ ആരംഭിക്കുക തുടങ്ങിയ പ്രധാനപ്പെട്ട പദ്ധതിനിർദ്ദേശങ്ങളും വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയില്ല. പട്ടികജാതി വികസനമേഖലയിൽ സ്വയം തൊഴിൽസംരംഭങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതിനായി തൻവർഷം ആവിഷ്കരിച്ച പ്രോജക്ട് നടപ്പാക്കിയില്ല. പ്രോജക്ട്നിർവ്വഹണത്തിന്റെ ഭാഗമായി മുൻവർഷ പ്രോജക്ടിന്റെ തുക അനുവദിക്കുന്ന ചെലവുമാത്രമാണ് തൻവർഷം നടത്തിയിട്ടുള്ളത്.

<u>പൂർത്തീകരണപത്രവും മതികനേട്ടങ്ങളും</u>

നിർവ്വഹണം പൂർത്തിയാക്കി ഫൈനൽ ബിൽ തയ്യാറാക്കുന്നതോടൊപ്പം എല്ലാ നിർവ്വഹണോദ്യോഗസ്ഥരും പ്രോജക്ടുകളുടെ പൂർത്തീകരണപത്രം സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കേണ്ടതാണെന്നും സൃഷ്ടിക്കപ്പെട്ട ആസ്തിയുടെ വിവരങ്ങൾ പൂർണ്ണമായും ആസ്തിരജിസ്റ്ററിൽ ചേർക്കേണ്ടതുമാണെന്ന് പദ്ധതിമാർഗ്ഗരേഖ 12-ാം അധ്യായത്തിൽ നിഷ്കർഷിക്കുന്നുണ്ട്. ആയത് പാലിക്കേണ്ടതാണ്. വാർഷിക പദ്ധതി രൂപീകരണ നിർവ്വഹണ ഘട്ടങ്ങളിലെ അപാകതകൾ പരിഹരിക്കേണ്ടതും പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുമാണ്.

## 1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.

ബ്ലോക്ക് പഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം പ്രവൃത്തികളൊന്നും നടപ്പാക്കുന്നില്ല. ജീവനക്കാരുടെ ശമ്പളം മറ്റ് ഭരണച്ചെലവുകൾ എന്നിവയ്ക്കുള്ള തുക ബ്ലോക്ക് പ്രോഗ്രാം ഓഫീസർ എന്ന നിലയിൽ ബി.ഡി.ഒ യുടെ പേരിലുള്ള അക്കൗണ്ടിൽ വരികയും ആയതിൽ നിന്ന് വിനിമയങ്ങൾ നടത്തുന്നുമുണ്ട്. ബ്ലോക്ക് പ്രോഗ്രാം ഓഫീസർ എന്ന നിലയിലുള്ള സാമ്പത്തിക വിനിമയങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല. കാഷ് ബുക്ക് പ്രകാരമുള്ള 2024-25 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| വരവ് | തുക | ചെലവ് | തുക |
|---|---|---|---|
| മുന്നിരിപ്പ് | 15731.95 | ശമ്പളം | 697400 |
| ഇ.എഫ്.എം.എസ് വരവ് | 525800 | പ്രിന്റിംഗ് & സ്റ്റേഷനറി | 22372 |
| പലിശ | 6365 | തനത് ഫണ്ട് മുൻകൂർ തിരികെ | 451190 |
| മേറ്റ് ട്രെയിനിംഗ് | 98987 | മേറ്റ് ട്രെയിനിംഗ് | 102400 |
| തനത് ഫണ്ട് മുൻകൂർ | 719772 | മേറ്റ് ട്രെയിനിംഗ് പ്രൊജക്ടർ വാടക | 6000 |
| | | ബാങ്ക് ചാർജ്ജ് | 9.74 |
| | | നീക്കിയിരിപ്പ് | 87284.21 |
| ആകെ | 1366655.95 | | 1366655.95 |

## 1-7 സാമൂഹ്യസുരക്ഷാപെൻഷൻ

ബ്ലോക്ക് പഞ്ചായത്ത് മുഖാന്തിരം സാമൂഹ്യസുരക്ഷാപെൻഷനുകൾ വിതരണം ചെയ്യുന്നില്ല. വാർഷികകണക്കിലും പ്രസ്തുതയിനത്തിൽ തുകകൾ ഉൾപ്പെട്ടിട്ടില്ല.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കടുത്തുരുത്തി ബ്ലോക്ക്പഞ്ചായത്തിന്റെ 2024-25 വാർഷിക ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 11.08.2025 തീയതിയിൽ 3.00 പി എം-ന് ഹെഡ് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ അന്നേ ദിവസം കാഷ് നീക്കിയിരിപ്പില്ലായെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

**1-9 ആഭ്യന്തരനിയന്ത്രണം**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 172(1)-ാം വകുപ്പ് പ്രകാരമുള്ള നാലാം പട്ടികയിൽ അനുശാസിച്ചിട്ടുള്ള പൊതു/മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിൽ നിലനിൽക്കുന്ന ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തേണ്ടതുണ്ട്. നാലാം പട്ടികയിൽ വിവരിച്ചിട്ടുള്ള ചുമതലകൾ നിർവ്വഹിക്കാൻ പര്യാപ്തമായവിധം വാർഷിക പദ്ധതി ആസൂത്രണ/രൂപീകരണ/നിർവ്വഹണ ഘട്ടങ്ങൾ ചിട്ടപ്പെടുത്തേണ്ടതുണ്ട്. പ്രോജക്ടുകളുടെ നിർവ്വഹണത്തിലൂടെ ലക്ഷ്യമിട്ട ഭൗതിക നേട്ടം കൈവരിച്ചിട്ടുണ്ടോയെന്നുള്ള പരിശോധനയും മോണിറ്ററിങ് സംവിധാനവും കാര്യക്ഷമമാക്കേണ്ടതുണ്ട് (പ്രത്യേകിച്ചും ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം.)

ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25വാർഷിക ബജറ്റിൽ എം.എൽ.എ /എം. പി ഫണ്ടുകളുടെ പ്രതീക്ഷിതവരവുകൾ ഉൾപ്പെടുത്തിയിട്ടുള്ളത് കൃത്യമല്ല എന്ന് കാണുന്നു. ബജറ്റ് രൂപീകരണ നടപടിക്രമങ്ങൾ, ബജറ്റ് ഡോക്യുമെന്റിന്റെ കൃത്യത, ബജറ്ററി കൺട്രോൾ എന്നിവയും നിയമാനുസൃതവും കാര്യക്ഷമവും ആക്കേണ്ടതുണ്ട്. ഫണ്ട് വിനിയോഗത്തിലെ കാര്യക്ഷമതയും തദനുസരണമായ ഭൗതികനേട്ടം ആർജിക്കുന്നതിലെ പുരോഗതിയും ഉറപ്പാക്കേണ്ടതുണ്ട്.

വാർഷിക ധനകാര്യപത്രികയിലെ വിവിധ ഷെഡ്യൂളുകൾ പ്രതിഫലിപ്പിക്കുന്ന തുകകളുടെ കൃത്യത ഉറപ്പാക്കുന്നതിനുള്ള സപ്പോർട്ടിംഗ് രജിസ്റ്ററുകൾ (**Deposit Register**, **Dues To Government And Other Institution Register**, മുതലായവ) സൂക്ഷിക്കാത്തതും, അപൂർണ്ണമായി സൂക്ഷിക്കുന്നതുമായ രീതിയാണ് പിന്തുടരുന്നത്.

ബ്ലോക്ക് പഞ്ചായത്തിലെയും കൈമാറ്റം ചെയ്യപ്പെട്ട ഓഫീസുകളിലെയും മനുഷ്യശേഷി കൃത്യമായി ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ബ്ലോക്ക് പഞ്ചായത്തിലെ അക്കൗണ്ടിങ് നടപടികളിൽ ന്യൂനത നിലനിൽക്കുന്നുണ്ട്. ആയത് പരിഹരിച്ച് തുടർവർഷങ്ങളിലെ വാർഷികകണക്കുകൾ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22/01/2024 To 29/01/24 | 2022-23 | No-6/DPAW /KTM/2024 26/02/24 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14/03/18 | 2013-14 To2016-17 | LBA(HQ)11/88-2 /2016-17/03 |

**1-11 ഇ-ടെണ്ടർ ഫീസ് ബ്ലോക്ക് പഞ്ചായത്തിന് പൂർണ്ണമായി ലഭിച്ചില്ല.**

ചീഫ് എഞ്ചിനീയറുടെ 17.08.2017ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനും മറ്റുമായി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ SBIയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (A/C No.40289213182). 12.08.2025 ൽ ഈ അക്കൗണ്ടിൽ 1,31,747 /- രൂപ ബാലൻസുണ്ട്. ആയത് മുഴുവൻ ബ്ലോക്ക് പഞ്ചായത്തിന്റെ തനത്ഫണ്ടിലേക്ക് അടവാക്കാൻ അവശേഷിക്കുന്നു. ടി അപാകത്തിന് വിശദീകരണം ലഭ്യമാക്കണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11/18.8.2025) തുക കണ്ടെത്തുമുതൽ ബ്ലോക്കിന് കൈമാറിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. തുക അടവാക്കിയ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**1-12 സി.എച്ച്.സി തലയോലപ്പറമ്പ്- വൈദ്യുതി ചാർജ്ജ് അധികമായി അടവാക്കി**

MO.CHC തലയോലപ്പറമ്പ് സി.എച്ച്.സി ദൈനംദിന ചെലവ് എന്ന പ്രോജക്ടിലുൾപ്പെടുത്തി (പ്രോജക്ട് നം.30/25) ഈവർഷം റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 800000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 1146502032746 കൺസ്യൂമർ നമ്പറിലെ 2025 ജനുവരി മാസത്തെ 4650250100128/01.01.2025 നമ്പർ വൈദ്യുത ബിൽ പ്രകാരമുള്ള 17948/- രൂപ 310/22.01.2025 നമ്പർ ബിൽ പ്രകാരം കെ.എസ്.ഇ.ബി ക്ക് നൽകിയിട്ടുണ്ട് . എന്നാൽ പ്രസ്തുത 17948/- രൂപ ഫെബ്രുവരി മാസത്തെ കെ.എസ്.ഇ.ബിയുടെ 4650250200125/01.02.2025 നമ്പർ വൈദ്യുതി ബില്ലിൽ കുടിശ്ശികയായി ഉൾപ്പെടുത്തുകയും ആയത് കൂടി

ചേർന്ന 28131 രൂപ 334/10.02.25 നമ്പർ ബിൽ പ്രകാരം അടവാക്കുകയും ചെയ്തതായി കാണുന്നു.

2. 219/09.12.2024 നമ്പർ ബിൽ പ്രകാരം 23127/- രൂപ വൈദ്യുതി ചാർജ്ജിനത്തിൽ കെ.എസ്.ഇ.ബി യ്ക്ക് നൽകിയിട്ടുണ്ട്.എന്നാൽ കെ.എസ്.ഇ.ബിയിൽ നിന്ന് ലഭ്യമായ വൈദ്യുതി ബില്ലുകൾ ഫയലിനോടൊപ്പം സമർപ്പിച്ചിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/19.08.2025) മറുപടി ലഭ്യമാക്കിയില്ല. വൈദ്യുതി ചാർജ്ജിനത്തിൽ അധികമായി അടവാക്കിയ 17948/- രൂപ അടുത്ത വൈദ്യുതി ബില്ലിൽ ക്രമീകരിച്ച് വാങ്ങേണ്ടതും 23127/- രൂപയുടെ വൈദ്യുതി ബില്ല് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. അപാകതകൾ പരിഹരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുന്നത് വരെ 41075/-രൂപയുടെ (17948 +23127)ചെലവ് തടസ്സപ്പെടുത്തുന്നു.

AE

**1-13 തലയോലപ്പറമ്പ് സി.എച്ച്.സിയിൽ ഓപ്പൺ ജിം - പ്രവർത്തനക്ഷമമായില്ല.**

| | |
|---|---|
| പ്രോജക്ട് നമ്പർ | 30/24-25 |
| പ്രോജക്ടിന്റെ പേര്, ഫണ്ടിനം | തലയോലപ്പറമ്പ് സി.എച്ച്.സി കോമ്പൗണ്ടിൽ ഓപ്പൺ ജിം<br>വികസനഫണ്ട് (ജനറൽ) |
| അടങ്കൽ | 500000/- |
| ചെലവ് | 500000/- |
| ബിൽ നമ്പർ , തീയതി | 51/18.3.2025 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| എം.ബുക്ക് നമ്പർ | LSGD/CELSGD/EST/52486 /2024- 511 |
| കരാറുകാരൻ | വിൻസൺ റ്റി ആന്റണി , തെക്കേവെലിയാറമ്പത്ത് |

തലയോലപ്പറമ്പ് സി.എച്ച്.സി കോമ്പൗണ്ടിൽ ഓപ്പൺ ജിം സ്ഥാപിക്കുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. ആയതിലേക്കായി ഇ.ടെണ്ടർ ക്ഷണിക്കുകയും ശ്രീ വിൻസൺ റ്റി ആന്റണി , തെക്കേവെലിയാറമ്പത്ത് എന്ന കരാറുകാരൻ മുഖേന പ്രവൃത്തി നിർവ്വഹിക്കുകയും ചെയ്തു. 16.8.2025 ന് സ്ഥലത്ത് പ്രാദേശിക പരിശോധന നടത്തുകയുണ്ടായി. കെട്ടിടം നിർമ്മാണം പൂർത്തീകരിച്ചെങ്കിലും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28.05.2022 ലെ സ.ഉ (കൈ) 115/2022 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 7.7.5 പ്രകാരമുള്ള തുടർ പ്രവർത്തനങ്ങൾ നടത്തി ഉപകരണങ്ങളുൾപ്പെടെ സ്ഥാപിച്ച് ജിം പ്രവർത്തനക്ഷമമായിട്ടില്ല. ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി പ്രവർത്തനം മോണിട്ടർ ചെയ്തിട്ടില്ല. പ്രോജക്ട് ലക്ഷ്യം കാണാൻ സ്വീകരിച്ച തുടർപ്രവർത്തനങ്ങൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/18.8.2025) എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തിയാക്കി കെട്ടിടം പ്രവർത്തനസജ്ജമാക്കിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി.

മുൻവർഷങ്ങളിൽ സ്ഥാപിച്ചതും നിലവിലുണ്ടായിരുന്നതുമായ ഇൻസിനറേറ്റർ ഉൾപ്പെട്ട ഭാഗത്താണ് നിലവിൽ ഓപ്പൺ ജിം സ്ഥാപിച്ചതെന്നും ഇൻസിനറേറ്ററിനുള്ളിലൂടെ വെള്ളം വീണ് ജിമ്മിനുള്ളിൽ പടരുന്നുണ്ടെന്നും പ്രസ്തുത സ്ഥലത്ത് ഓപ്പൺ ജിം സ്ഥാപിക്കാൻ ഭരണസമിതി എതിർപ്പ് വാക്കാൽ അറിയിച്ചതാണെന്നും എക്സിറ്റ് മീറ്റിംഗിൽ മുൻ പ്രസിഡന്റ് വിശദീകരിച്ചു. മാത്രമല്ല പഴയ ഒ.പി കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം പണിയാൻ പോകുകയാണെന്നും ആ വേളയിൽ നിലവിലെ ഓപ്പൺ ജിം ഒരു തടസ്സമാകുമെന്നും വിശദീകരിക്കപ്പെട്ടു. ഭരണസമിതി അതൃപ്തി അറിയിച്ചിട്ടും പ്രസ്തുത സ്ഥലത്ത് നടത്തിയ നിർമ്മാണപ്രവൃത്തിക്ക് സ്റ്റോപ്പ് മെമ്മോ നൽകാതിരുന്നതും ബിൽ മാറി നൽകിയതും വലിയ വീഴ്ചയാണ്. ഓപ്പൺ ജിം എന്ന ലക്ഷ്യം പൂർത്തിയാക്കിയ ശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ആയതിലേക്കായി 500000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

AE

**1-14 അറുന്നൂറ്റിമംഗലം സി.എച്ച്.സിയിൽ അത്യാഹിതവിഭാഗം - പൂർത്തിയായില്ല.**

| | |
|---|---|
| പ്രോജക്ട് നമ്പർ | 144/24-25 |
| പ്രോജക്ടിന്റെ പേര്, ഫണ്ടിനം | അറുന്നൂറ്റിമംഗലം സി.എച്ച്.സിയിൽ അത്യാഹിതവിഭാഗം നിർമ്മാണം. |

| | |
|---|---|
| | റോഡിതരസംരക്ഷണഗ്രാന്റ് |
| അടങ്കൽ | 24,50,000/- |
| ചെലവ് | 24,50,000/- |
| ബിൽ നമ്പർ , തീയതി | 21/27.09.2024 = 498875/-<br>22/26.09.2024 = 491403/-<br>23/28.10.2024 = 499993/-<br>24/28.10.2024 = 499999/-<br>26/29.11.2024 = 459730/- |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| എം.ബുക്ക് നമ്പർ | LSGD/CELSGD/EST/7679/2023- 511 |
| കരാറുകാരൻ | ബൈജു , രാജേഷ് വേനം |

അറുന്നൂറ്റിമംഗലം സി.എച്ച്.സിയിൽ അത്യാഹിതവിഭാഗം സ്ഥാപിക്കുക എന്നതായിരുന്നു പ്രോജക്റ്റിന്റെ ലക്ഷ്യം. ആയതിലേക്കായി ഇ.ടെണ്ടർ ക്ഷണിക്കുകയും ശ്രീ ബൈജു , രാജേഷ് വേനം എന്ന കരാറുകാരൻ മുഖേന പ്രവൃത്തി നിർവ്വഹിക്കുകയും ചെയ്തു. 16.8.2025 ന് സ്ഥലത്ത് പ്രാദേശിക പരിശോധന നടത്തുകയുണ്ടായി. ISMB ബീമിൽ സപ്പോർട്ട് ചെയ്യുന്ന ICU ഹാൾ നിർമ്മിക്കുകയും റൂഫിംഗ് നൽകുകയും ചെയ്തിട്ടുണ്ട്. പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഹാളിൽ വെള്ളം , വൈദ്യുതി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

2) അത്യാഹിതവിഭാഗത്തിൽ ആവശ്യമായ പാർട്ടീഷനിംഗ് നടത്തി നഴ്സ് കെയർ റൂം ഉൾപ്പെടെ തയ്യാറാക്കിയിട്ടില്ല.

3) പ്രോജക്റ്റ് ലക്ഷ്യം കൈവരിക്കാൻ സ്വീകരിച്ച തുടർപ്രവർത്തനങ്ങൾ വ്യക്തമല്ല.

മേൽ പരാമർശിച്ചിട്ടുള്ള അപാകതകൾക്ക് രേഖാമൂലം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 12/18.8.2025) നൽകുകയുണ്ടായി. ICU ഹാളിലെ പ്ലംബിംഗ്, ഇലക്ട്രിക്കൽ, സീലിംഗ്, പാർട്ടീഷൻ വർക്കുകൾ പൂർത്തീകരിക്കാൻ 2025-26 സാമ്പത്തിക വർഷം 500000/- രൂപമാത്രമാണ് വകയിരുത്തിയിട്ടുള്ളതെന്ന കെട്ടിടത്തിന്റെ തൃപ്തികരമായ പൂർത്തീകരണത്തിന് 15,00000/- രൂപയെങ്കിലും ആവശ്യമാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കി. ആവശ്യമായ തുക കണ്ടെത്തി പ്രോജക്റ്റ് ലക്ഷ്യം കാണാൻ തുടർപ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. ICU പ്രവർത്തന സജ്ജമാക്കിയ ശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ആയതിലേക്കായി 24,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-15 ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനൊപ്പം ജി.എസ്.ടി കോമ്പൻസേഷൻ കണക്കാക്കി- 4816/-രൂപയുടെ അധികച്ചെലവ്**

| | |
|---|---|
| പ്രോജക്റ്റ് | 177/25ആപ്പുഴ സാംസ്കാരികനിലയത്തിലേക്ക് ഫർണീച്ചർ |
| അടങ്കൽ | 400000/- (വികസനഫണ്ട് എസ്.സി.പി) |
| ചെലവ് | 3,90,698/- |
| ബിൽനമ്പർ | 428/12-3-25 |

മേൽ പ്രോജക്റ്റ് പ്രകാരം ആപ്പുഴ സാംസ്കാരിക കേന്ദ്രത്തിലേക്ക് മീനച്ചിൽ റബ്ബർ വുഡ് ലിമിറ്റഡ്, പെരിങ്ങളം, പൂഞ്ഞാർ എന്ന സ്ഥാപനത്തിൽനിന്നും ഫർണിച്ചർ വാങ്ങിയ ഇനത്തിൽ വികസനഫണ്ട് എസ്.സി.പി വിഭാഗത്തിൽനിന്നും സ്ഥാപനത്തിന്റെ 2 ബില്ലുകൾ പ്രകാരമുള്ള ആകെത്തുക 3,90,698/-രൂപ ചെലവഴിച്ചിട്ടുണ്ട്. ബിൽവിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1- ബിൽനമ്പർ - 85/10-3-25

| ഇനം | യൂണിറ്റ്നിരക്ക് | എണ്ണം | ആകെത്തുക |
|---|---|---|---|
| **Wooden Table 1200- 600cm** | 8400 | 10 | 84000 |
| **Wooden Armrest Chair** | 3300 | 18 | 59400 |

| | | | |
|---|---|---|---|
| **Wooden Armless Chair** | 1700 | 38 | 64600 |
| ആകെ വില | | | 208000 |
| ട്രാൻസ്പോർട്ടേഷൻ ചാർജ് | | | 20800 |
| ആകെ | | | 228800 |
| സിജിഎസ് ടി 9% | | | 20592 |
| എസ്ജിഎസ് ടി 9% | | | 20592 |
| ആകെമൊത്തം | | | 269984 |

2) ബിൽനമ്പർ 86/103-25

| ഇനം | യൂണിറ്റ് നിരക്ക് | എണ്ണം | ആകെ വില |
|---|---|---|---|
| **Wooden Chair With Arm & Without Upholstry** | 3300 | 22 | 72600 |
| **Wooden Chair Without Arm** | 1700 | 12 | 20400 |
| ഫർണിച്ചറുകളുടെ ആകെ വില | | | 93000 |
| ട്രാൻസ്പോർട്ടേഷൻ | | | 9300 |
| ആകെ | | | 102300 |
| സിജി എസ് ടി 9% | | | 9207 |
| എസ് ജി എസ് ടി 9% | | | 9207 |
| ആകെ മൊത്തം | | | 120714 |

രണ്ട് ബില്ലുകൾ പ്രകാരമുള്ള ആകെത്തുകയായ 390698 /-യിൽനിന്നും ( 269984+ 120714) 1 ശതമാനം വീതം ആകെ 2% ജിഎസ് ടി റിക്കവറി നടത്തിയതിനുശേഷമുള്ള 384076/- സ്ഥാപനത്തിന് അനുവദിച്ചുനൽകി. എന്നാൽ ട്രാൻസ്പോർട്ടേഷൻ ചാർജിന് ജിഎസ്ടി ബാധകമല്ലാത്തതിനാൽ ഫർണിച്ചറുകളുടെ ആകെ വിലയായ 301000/-രൂപയുടെ ( 208000+ 93000) 18% കണക്കാക്കിയാൽ 54180/- രൂപ മാത്രമാണ് ജിഎസ് ടി ഇനത്തിൽ കണക്കാക്കേണ്ടതുള്ളൂ. ആയതുപ്രകാരം ജിഎസ് ടി ഉൾപ്പെടെ പ്രോജക്റ്റിന്റെ ആകെ ചെലവും 2%ജിഎസ് ടി ഡിഡക്ഷൻ കിഴിച്ച് സ്ഥാപനത്തിന് അനുവദിക്കാവുന്ന തുകയും ചുവടെ ചേർക്കുന്നു.

| ഇനം | ബിൽനമ്പർ - 85/10-3-25 | ബിൽനമ്പർ - 86/10-3-25 |
|---|---|---|
| ആകെ ഫർണിച്ചർവില | 208000 | 93000 |
| 18%ജിഎസ് ടി | 37440 | 16740 |
| ആകെ | 245440 | 109740 |
| ട്രാൻസ്പോർട്ടേഷൻ | 20800 | 9300 |
| ആകെ | 266240 | 119040 |
| (-) 2% ജിഎസ് ടി | 4160 | 1860 |
| സ്ഥാപനത്തിന് അനുവദിക്കാവുന്ന തുക | 262080 | 117180 |

രണ്ടു ബില്ലുകളിലുമായി സ്ഥാപനത്തിന് അനുവദിക്കാവുന്ന ആകെത്തുക 379260/- രൂപയാണെന്നിരിക്കെ 384076/- അനുവദിച്ചതിനാൽ 4816/- (384076-379260) രൂപ അധികം നൽകിയിട്ടുണ്ട്. മേൽ അപാകത സംബന്ധിച്ച് രേഖാമൂലം മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് (നം- 3/16-8-25) അധികതുക സ്ഥാപനത്തിൽനിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുക തിരികെ ഈടാക്കി നിശ്ചിതഫണ്ട് ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കുകയോ അല്ലാത്തപക്ഷം പ്രോജക്റ്റിന്റെ ഭാഗമായി ജിഎസ് ടി ഇനത്തിൽ സ്ഥാപനം ബില്ലിൽ കണക്കാക്കിയ തുക സർക്കാരിലടവാക്കി രേഖകൾ ഹാജരാക്കുകയോ

ചെയ്യേണ്ടതാണ്. തുടർനടപടികളുടെ വിവരം ബന്ധപ്പെട്ട രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-16 കുടിവെള്ളപദ്ധതിക്ക് ടാങ്ക് സ്ഥാപിക്കൽ - അപാകതകൾ.**

A.E

| | |
|---|---|
| പ്രോജക്ട് നമ്പർ | 168/24-25 |
| പ്രോജക്ടിന്റെ പേര്, ഫണ്ടിനം | കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് വാർഡ് 4 ൽ കല്ലുകര സുജൽധാരകുടിവെള്ള പദ്ധതിക്ക് ടാങ്ക് സ്ഥാപിക്കലും അനുബന്ധപ്രവൃത്തികളും. ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| അടങ്കൽ | 550000/- |
| ചെലവ് | 519491/- |
| ബിൽ നമ്പർ , തീയതി | 697/27.03.2025 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| എം.ബുക്ക് നമ്പർ | LSGD/CELSGD/EST/9508 /2025- 511 |
| കരാറുകാരൻ | ജോണിജോസഫ് പനക്കുഴിയിൽ |

കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് വാർഡ് 4 ൽ കല്ലുകര സുജൽധാരകുടിവെള്ള പദ്ധതിക്ക് ടാങ്ക് സ്ഥാപിക്കുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. ആയതിലേക്കായി ഇ-ടെണ്ടർ ക്ഷണിക്കുകയും ശ്രീ ജോണി ജോസഫ്, പനക്കുഴിയിൽ എന്ന കരാറുകാരൻ മുഖേന പ്രവൃത്തി നിർവ്വഹിക്കുകയും ചെയ്തു. 16.8.2025 ന് സ്ഥലത്ത് പ്രാദേശിക പരിശോധന നടത്തുകയുണ്ടായി. 20000 ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർ ടാങ്ക് സ്ഥാപിച്ചതിനും പുതിയ 5HP മോട്ടോർ വാങ്ങി നൽകിയതിനുമാണ് തുക ചെലവഴിച്ചിരിക്കുന്നത് . പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പഴയ മോട്ടോർ ലേലം ചെയ്ത് മുതൽകൂട്ടിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമായില്ല.

2) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28.05.2022 ലെ സ.ഉ (കൈ) 115/2022 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 6.6 ലെ പൊതു നിർദ്ദേശപ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികളുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ലാത്തതാണ്. മാത്രമല്ല കുടിവെള്ള പദ്ധതിയുടെ പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളെയും ഉൾപ്പെടുത്തി ഗുണഭോക്തൃസമിതി രൂപീകരിക്കണമെന്നും നിർമ്മാണം പൂർത്തിയാക്കിയ ശേഷം പ്രോജക്ടിന്റെ തുടർ നടത്തിപ്പും അറ്റകുറ്റപ്പണിയും പ്രസ്തുത സമിതി ഏറ്റെടുക്കണമെന്നും പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃസമിതിയുമായി കരാറിലേർപ്പെട്ടിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 15/18.8.2025) നൽകുകയുണ്ടായി. പഴയ മോട്ടോർ ലേലം ചെയ്തിട്ടില്ലെന്നും കുടിവെള്ള പദ്ധതിയുടെ പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളെയും ഉൾപ്പെടുത്തി ഗുണഭോക്തൃസമിതി രൂപീകരിക്കണമെന്നും മറുപടി ലഭ്യമാക്കി. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ആയതിലേക്കായി 519491/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-17 ചാണകം ജൈവവളമാക്കുന്ന യൂണിറ്റ് - നിർവ്വഹണത്തിലെ അപാകതകൾ.**

D.E.O

| | |
|---|---|
| പ്രോജക്ട് നമ്പർ | 104/25 |
| അടങ്കൽ, ഫണ്ടിനം | 750000/- 250000/- വികസനഫണ്ട് (ജനറൽ) 500000/- ഗുണഭോക്തൃവിഹിതം |
| ചെലവ് | 250000/- |

| | |
|---|---|
| | വികസനഫണ്ട് (ജനറൽ) |
| ബിൽ നമ്പർ, തീയതി | 1/28.05.2024 |
| നിർവ്വഹണോദ്യോഗസ്ഥൻ | ക്ഷീരവികസന ഓഫീസർ |

വെള്ളൂർ ഗ്രാമപഞ്ചായത്ത് വാർഡ് 14 ലെ കരിപ്പാടം ക്ഷീരസംഘത്തിന് കീഴിലുള്ള ധനലക്ഷ്മി ഗ്രൂപ്പിന് ചാണകം ജൈവവളമാക്കുന്ന യൂണിറ്റ് തുടങ്ങാൻ സബ്സിഡി നൽകുകയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. യൂണിയൻ ബാങ്ക് , നീർപ്പാറ ബ്രാഞ്ച് മാനേജരുടെ 6.3.2024 ലെ കത്ത് പ്രകാരം ലോൺ സൂക്ഷിപ്പിനായി 3,38,000/- രൂപ ധനലക്ഷ്മി ഗ്രൂപ്പിന്റെ അക്കൗണ്ടിലേക്ക് (നമ്പർ 343302010025762) ട്രാൻസ്ഫർ ചെയ്തതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28.05.2022 ലെ സ.ഉ (കൈ) നമ്പർ 115/2022 നമ്പർ സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 6.5 (4) പ്രകാരം സ്വയംതൊഴിലിന് ജനറൽ വിഭാഗത്തിന് നൽകാവുന്നത് യൂണിറ്റ് കോസ്റ്റിന്റെ 75% (പരമാവധി 373000/- രൂപ) ആണ്. ആയത് പ്രകാരം വികസനഫണ്ടിൽ നിന്നും 250000/- രൂപ സബ്സിഡി നൽകിയിട്ടുണ്ട്. യൂണിറ്റ് കോസ്റ്റ് നിർണ്ണയിക്കാൻ വിശദമായ പ്രോജക്ട് റിപ്പോർട്ട് ധനലക്ഷ്മി ഗ്രൂപ്പ് സമർപ്പിച്ചിട്ടില്ല. 2500000/- രൂപ സബ്സിഡി നൽകിയതിന് ആധാരമായ ചെലവ് രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) യൂണിറ്റ് ആരംഭിക്കാനായി മൂലധനനിക്ഷേപങ്ങൾക്കായി തുക ചെലവഴിച്ചതിന്റെ ടാക്സ് ഇൻവോയ്സ് രേഖകൾ ഓഡിറ്റിന് ലഭ്യമായില്ല.

3) പ്രോജക്ടിൽ ഗുണഭോക്തൃവിഹിതം വകയിരുത്തിയെങ്കിലും ചെലവഴിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. സുലേഖ ചെലവ് പത്രികയിലും ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടില്ല.

4) 29.1.2024 ലെ 1(2) നമ്പർ തീരുമാനപ്രകാരമാണ് ധനലക്ഷ്മി ഗ്രൂപ്പിന് ആനുകൂല്യം നൽകാൻ തീരുമാനിച്ചത്. ഗുണഭോക്താക്കളെ വെള്ളൂർ ഗ്രാമപഞ്ചായത്ത് ഗ്രാമസഭ അംഗീകരിച്ചതായി കാണുന്നില്ല.

5) ധനലക്ഷ്മി ഗ്രൂപ്പ് ലോൺ തിരിച്ചടച്ചുകൊണ്ടിരിക്കുന്നതിന്റെയും സബ്സിഡി തുക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.

6) വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 10/18.8.2025) മറുപടി ലഭ്യമായില്ല. അതിനാൽ 250000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഓഡിറ്റിന് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

A.E

**1-18 തലയോലപ്പറമ്പ് സി.എച്ച്.സിയിൽ കെട്ടിടത്തിന്റെ സീലിംഗ് – അപാകതകൾ പരിഹരിച്ചില്ല.**

| | |
|---|---|
| പ്രോജക്ട് നമ്പർ | 144/24-25 |
| പ്രോജക്ടിന്റെ പേര്, ഫണ്ടിനം | തലയോലപ്പറമ്പ് സി.എച്ച്.സിയിൽ കെട്ടിടത്തിന്റെ സീലിംഗ് പാർട്ടീഷനിംഗ്, ഇലക്ട്രിഫിക്കേഷൻ, പ്ളംബിംഗ് റോഡിതര സംരക്ഷണഗ്രാന്റ് |
| അടങ്കൽ | 30,00000/- |
| ചെലവ് | 22,94,706/- |
| ബിൽ നമ്പർ , തീയതി | 56/21.3.2025 = 1409162/-<br>59/25.3.2025 = 500000/-<br>53/18.3.2025 = 385544/- |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| എം.ബുക്ക് നമ്പർ | LSGD/CELSGD/EST/75896 /2023- 511 |
| കരാറുകാരൻ | ജിബിൻ ജോസഫ് കുന്നംപാലായിൽ |

തലയോലപ്പറമ്പ് സി.എച്ച്.സി കെട്ടിടത്തിന് മുകൾ നിലയിൽ പാർട്ടീഷനിംഗ് നടത്തി ഐസൊലേഷൻ വാർഡ്, സ്റ്റാഫ് സിക്ക് റൂം, സ്റ്റാഫ് റൂം, ഹെൽത്ത് ഇൻസ്പെക്ടറുടെ ക്യാബിൻ, സ്റ്റോർ റൂം, കോൺഫറൻസ്

ഹാൾ, ടോയ് ലെറ്റുകൾ എന്നിവ സ്ഥാപിക്കുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. ആയതിലേക്കായി ഇ-ടെണ്ടർ ക്ഷണിക്കുകയും ശ്രീ ജിബിൻ ജോസഫ് എന്ന കരാറുകാരൻ മുഖേന പ്രവൃത്തി നിർവ്വഹിക്കുകയും ചെയ്തു. 16.8.2025 ന് സ്ഥലത്ത് പ്രാദേശിക പരിശോധന നടത്തുകയുണ്ടായി. പാർട്ടീഷനിംഗ്, സീലിംഗ് എന്നിവ പൂർത്തീകരിക്കുകയും ടോയ് ലെറ്റുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) എസ്റ്റിമേറ്റിൽ 400000/- രൂപ ഇലക്ട്രിഫിക്കേഷന് വകയിരുത്തിയെങ്കിലും നടപ്പാക്കിയിട്ടില്ല.

2) അസിസ്റ്റന്റ് എഞ്ചിനീയറുടെ 21.07.2025 ലെ ഡി.ബി ജനറൽ / 2024-25 നമ്പർ കത്ത് പ്രകാരം ചുവടെ ചേർക്കുന്ന അപാകതകൾ പരിഹരിക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയിരുന്നു.

ടോയ് ലെറ്റ് ഫ്ലോറിലെ വെള്ളം കോൺഫറൻസ് ഹാളിലേക്ക് ഒഴുകുന്നത് തടയുന്നതിന് ടോയ് ലെറ്റുകളിൽ ഇട്ടിരിക്കുന്ന ടൈലുകൾ മാറ്റി പകരം സുരക്ഷിതമായ ടൈലുകൾ വിരിക്കുക. നിലവിലെ ചെറിയ സിങ്ക് മാറ്റി പുതിയത് സ്ഥാപിക്കുക

പ്രാദേശിക പരിശോധനയിൽ നിലവിലും അപാകത പരിഹരിച്ചിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടു.

3) പ്രോജക്ട് ലക്ഷ്യം കാണാൻ സ്വീകരിച്ച തുടർപ്രവർത്തനങ്ങൾ വ്യക്തമല്ല.

മേൽ പരാമർശിച്ചിട്ടുള്ള അപാകതകൾക്ക് രേഖാമൂലം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 13/18.8.2025) നൽകുകയുണ്ടായി. ഇലക്ട്രിഫിക്കേഷന് ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്നും ടോയ് ലെറ്റിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട അപാകതകൾ ഈ സാമ്പത്തിക വർഷത്തിൽ പരിഹരിക്കുമെന്നും മറുപടി ലഭ്യമാക്കി. അപാകതകൾ പരിഹരിച്ച് പ്രോജക്ട് ലക്ഷ്യം കൈവരിച്ച ശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-19 പട്ടികജാതി വനിതാഗ്രൂപ്പുകൾക്ക് തൊഴിൽ സഹായം-പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല**

| | |
|---|---|
| പ്രോജക്ട് | 94/25- പട്ടികജാതി വനിതാഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽസംരംഭം ആരംഭിക്കുവാൻ ധനസഹായം- |
| അടങ്കൽ | 274500/- (വികസനഫണ്ട്-എസ് സി പി) |
| ചെലവ് | 274500/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ |

പ്രാദേശിക സാമ്പത്തികവികസനം ലക്ഷ്യമാക്കി വനിതാഗ്രൂപ്പുകളുടെ സ്വയംതൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതിനായി 2023-24വർഷം ആവിഷ്ക്കരിച്ച മേൽ പ്രോജക്ടിന്റെ ഭാഗമായി 19-ാം വാർഡിൽ മാന്നാർ കേന്ദ്രമാക്കി പ്രവർത്തനമാരംഭിച്ച കൈത്തിരി എം ഇ കാറ്ററിംഗ് യൂണിറ്റിന് സബ്സിഡിയിനത്തിൽ വികസനഫണ്ടിൽനിന്നും 2,74,500/-രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതിനിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1 ) 4-12-23-ൽ ബാങ്ക് വായ്പയായി 3,29,400/-രൂപ അനുവദിക്കുകയും 11-12-23-ൽ തുക ഗ്രൂപ്പിന്റെ SBഅക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. ലോൺതുകയുൾപ്പെടെ അക്കൗണ്ടിലുണ്ടായിരുന്ന 3,66000/-രൂപ അതേ തീയതിയിൽ പിൻവലിച്ചിട്ടുണ്ട്. 1,81000/- രൂപയോളം ചെലവഴിച്ച് കാറ്ററിംഗിനുവേണ്ടിയുള്ള അടുക്കള ഉപകരണങ്ങൾ വാങ്ങിയതിന്റെ പർച്ചേയ്സ് ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇവയുടെ കൃത്യമായ സ്റ്റോക്ക് വിവരങ്ങൾ രജിസ്റ്ററിൽ എഴുതി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. പ്രസ്തുത തുക വിനിയോഗിച്ച് നടത്തിയ തുടർ പ്രവർത്തനങ്ങളുടെ വിവരങ്ങളും ഫയലിൽ വ്യക്തമാക്കിയിട്ടില്ല.

2) കരാർ അനുസരിച്ച് സബ്സിഡിയും ബാങ്ക് വായ്പയും വിനിയോഗിച്ച് സംരംഭത്തിനായി ആർജ്ജിച്ച ആസ്തികൾ 5 വർഷ കാലയളവിലേക്ക് കൈമാറ്റം നടത്തുന്നതല്ലായെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

19-6-24- ൽ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ പ്രസിഡന്റിന്റെ വീട് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന തൊഴിൽസംരംഭത്തിനുവേണ്ടി വാങ്ങിയ കാറ്ററിംഗ് ഉപകരണങ്ങൾ സ്ഥലത്ത് നേരിട്ട് കണ്ട് ബോദ്ധ്യപ്പെട്ടിട്ടില്ല. അന്വേഷണത്തിൽ ബന്ധുവിന്റെ കല്യാണാവശ്യത്തിനായി

കൊണ്ടുപോയിട്ടുള്ളതാണെന്ന് പ്രസിഡന്റ് വാക്കാൽ അറിയിക്കുകയുണ്ടായി.

3) പ്രോജക്ടിന്റെ മോണിറ്ററിംഗ് നടത്തുന്നതിന് ചുമതലപ്പെട്ട ചെറുകിട വ്യവസായ വർക്കിംഗ് ഗ്രൂപ്പ് യൂണിറ്റുകളുടെ പ്രവർത്തനം പരിശോധിച്ച് വിലയിരുത്തി മോണിറ്ററിംഗ് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് രേഖാമൂലം മറുപടി ലഭ്യമാക്കുന്നതോടൊപ്പം തൊഴിൽസംരംഭത്തിന്റെ നിലവിലെ പ്രവർത്തനവിവരവും വായ്പതുകയുടെ അടവുവിവരങ്ങൾ എന്നിവ സംബന്ധിച്ച് നാളിതുവരെയുള്ള മോണിറ്ററിംഗ് റിപ്പോർട്ട് സഹിതം മറുപടി ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി (നം. 4/16.08.25) നൽകുകയുണ്ടായി. കരാർ രേഖകൾ സാക്ഷ്യപ്പെടുത്തി ആധികാരികമാക്കുമെന്നും ഗ്രൂപ്പിന്റെ പ്രവർത്തനം കൃത്യമായി മോണിട്ടർ ചെയ്ത് വിവരം ലഭ്യമാക്കാമെന്നും മറുപടി ലഭ്യമാക്കി. അപാകതകൾ പരിഹരിച്ച് ഗ്രൂപ്പിന്റെ പ്രവർത്തനം സംബന്ധിച്ച് പുരോഗതി റിപ്പോർട്ട് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ഗ്രൂപ്പുകൾ പ്രവർത്തനക്ഷമമാകാത്തപക്ഷം സബ്സിഡി ഇനത്തിൽ ചെലവഴിച്ച 274500/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. 274500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-20 പഠനമുറിനിർമ്മാണം -2024-25 വർഷം കരാറിലേർപ്പെട്ട ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചില്ല**

S.C.D.O

| പ്രോജക്ട് | 14/25 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | ബിൽ നമ്പർ/തീയതി | തുക |
|---|---|---|---|
| | | 21/9.12.24 | 30000 |
| | | 220/9.12.24 | 30000 |
| | | 246/17.12.24 | 90000 |
| | | 259/21.12.24 | 30000 |
| | | 282/4.1.25 | 30000 |
| | | 296/17.1.25 | 200000 |
| അടങ്കൽ | 26,00000/- (വികസനഫണ്ട് എസ് സി പി വിഭാഗം) | 307/22.1.25 | 90000 |
| | | 319/25.1.25 | 30000 |
| | | 320/25.1.25 | 60000 |
| | | 321/28.1.25 | 30000 |
| | | 333/6.2.25 | 200000 |
| | | 336/10.2.25 | 60000 |
| | | 354/20.2.25 | 160000 |
| | | 355/20.2.25 | 180000 |
| | | 474/15.3.25 | 470000 |
| ചെലവ് | - 2000000/- | 497/25.3.25 | 60000 |
| | | 498/25.3.25 | 250000 |
| നിർവ്വഹണോ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസനഓഫീസർ | ആകെ | 2000000 |

മേൽ പ്രോജക്ടിന്റെ ഭാഗമായി ആകെ 14 പേർ തൻവർഷം കരാറിലേർപ്പെട്ടിരുന്നു. എന്നാൽ 4 ഗുണഭോക്താക്കൾ മാത്രമേ തൻവർഷം പണി പൂർത്തീകരിച്ചിട്ടുള്ളൂ. കരാർ വ്യവസ്ഥയനുസരിച്ച് അടിത്തറ നിർമ്മിക്കുന്നതിന് മുൻകൂറായി 15% തുകയായ 30000/- രൂപയും അടുത്ത ഗഡുവായി 30% തുകയായ 60000/-രൂപയും മേൽക്കൂര കോൺക്രീറ്റിംഗ് കഴിയുന്ന മുറയ്ക്ക് 40% തുകയായ 80000/- രൂപയും അവസാന ഗഡുവായി 30000/-( 15%)രൂപയും ഉൾപ്പെടെ ആകെ 2 ലക്ഷം രൂപ അനുവദിക്കുന്നതാണ്.

തൻവർഷം കരാറിലേർപ്പെട്ടതിൽ പണി പൂർത്തീകരിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു

| | ക്രമനം | ഗുണഭോക്താവ്, രക്ഷാകർത്താവ് | കരാർതീയതി | നാളിതുവരെ കൈപ്പറ്റിയ ആകെ തുക | റിമാർക്സ് |
|---|---|---|---|---|---|
| Pending | 1 | അഭിനയ രാജേഷ്, രാജേഷ് കൊച്ചുപണമ്പിൽ,കല്ലറ | 24-12-24 | 30000/- | ആദ്യഗഡു മാത്രമേ കൈപ്പറ്റിയിട്ടുള്ളൂ. |
| | 2 | അഭിരാമി രാജ് രാജു റ്റി റ്റി | 21-1-25 | 1,70000 | അവസാനഗഡു നൽകിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | | താമരംകുന്നേൽ,<br>ആയാംകുടി | | | |
| dated | 3 | അർജുൻ സഹജ്<br>പ്രിയ കെ ജി<br>ചരുപ്പറമ്പിൽ | 22-1-25 | 1,70000 | ,, |
| dated | 4 | അനുഗ്രഹ കെ ഉല്ലാസ്<br>ഉല്ലാസ്, കളത്തിൽ<br>മേവെള്ളൂർ | 22-1-25 | 1,70000 | ,, |
| Pending | 5 | അഭിജിത്ത് പി അനിൽ<br>അനിൽചെല്ലൻ<br>പുത്തൻ പുരയിൽ,<br>അറുന്നൂറ്റിമംഗലം | 23-1-25 | 90000 | ,, |
| Pending | 6 | അനുഗ്രഹ്<br>രാജേഷ് കെ കെ<br>കൊടികുത്തിയിൽ<br>അറുന്നൂറ്റിമംഗലം | 27-1-25 | 170000 | ,, |
| Pending | 7 | ദേവദാസ് കെ എസ്<br>സീതദ്ദാസൻ<br>കുന്നംപള്ളിയിൽ<br>,വടയാർ | 20-2-25 | 170000 | ,, |
| dated | 8 | വിപഞ്ചിക<br>അഭിലാഷ് എം<br>ഒറ്റപ്ലാംകുഴി, കീഴൂർ | 20-2-25 | 170000 | ,, |
| dated | 9 | മയൂരവി<br>ബാബു<br>കുറ്റിക്കാട്ടിൽ,<br>കാട്ടാമ്പാക്ക് | 21-3-25 | 90000 | ,, |
| Pending | 10 | അക്ഷയ മനോഹരൻ<br>മനോഹരൻ<br>ഇല്ലിത്തറയിൽ<br>ആയാംകുടി | 22-3-25 | 170000 | ,, |

ക്രമനം 1 മുതലുള്ള ഗുണഭോക്താക്കളുടെ പഠനമുറിനിർമ്മാണത്തിന്റെ പുരോഗതി വിവരം അറിയിക്കേണ്ടതും ഇതിനോടകം പണി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാനും കൂടാതെ ക്രമനമ്പർ 1 പ്രകാരമുള്ള ഗുണഭോക്താവ് ആദ്യഗഡുമാത്രം കൈപ്പറ്റിയിട്ട് നിർമ്മാണം നടത്താത്തതിന്റെ കാരണം വ്യക്തമാക്കാനും ഗുണഭോക്താവിന്റെ പഠനമുറി നിർമ്മാണവുമായി ബന്ധപ്പെട്ട് തുടർപടികളെന്തെങ്കിലും സ്വീകരിച്ചിട്ടുള്ളപക്ഷം ആയതിന്റെ വിവരം രേഖകൾ സഹിതം അറിയിക്കുവാനും രേഖാമൂലം ആവശ്യപ്പെട്ടിരുന്നതിന് (എൻക്വയറി നമ്പർ - 8/18-8-25) ലഭ്യമാക്കിയ മറുപടിയിൽ ക്രമനമ്പർ 1 പ്രകാരമുള്ള ഗുണഭോക്താവ് (അഭിനയരാജേഷ് D/O ശ്രീ രാജേഷ്) മാത്രം ആദ്യഗഡു കൈപ്പറ്റിയതിനുശേഷം നിർമ്മാണം നടത്തിയിട്ടില്ലാത്തതാണെന്നും ശ്രീ രാജേഷിന് അപകടംപറ്റി ഗുരുതരാവസ്ഥയിലാവുകയും വൻതുക ചികിത്സക്കായി ചെലവഴിക്കേണ്ടിവന്ന സാഹചര്യത്തിലുമാണ് പണി പൂർത്തീകരിക്കാൻ സാധിക്കാത്തതെന്നും നേരിൽ സംസാരിച്ചതിൽ നടപ്പുവർഷം തന്നെ നിർമ്മാണം പൂർത്തിയാക്കുമെന്ന് അറിയിച്ചതായും വ്യക്തമാക്കി. കൂടാതെ ക്രമനമ്പർ 2 മുതലുള്ളവർ തുടർപണികൾ നടത്തുന്നുണ്ടെന്നും നിർമ്മാണം പൂർത്തീകരിച്ചുവരികയാണെന്നും വിശദീകരണം നൽകി. പട്ടികയിൽ പറഞ്ഞിട്ടുള്ള എല്ലാ ഗുണഭോക്താക്കളുടെയും പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് വാല്യുവേഷൻ രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-21 സംരംഭകർക്ക് കെട്ടിട നിർമ്മാണം - പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല**

A E

| | |
|---|---|
| പ്രോജക്ട് നമ്പർ | 105/24-25 |
| പ്രോജക്ടിന്റെ പേര്, ഫണ്ടിനം | മുളക്കുളം വില്ലേജ് ഓഫീസ് കോമ്പൗണ്ടിൽ വനിത സംരംഭകർക്ക് കെട്ടിട നിർമ്മാണം( S.O) വികസനഫണ്ട് (ജനറൽ) |
| അടങ്കൽ | 20,00000/- |
| ചെലവ് | 20,00000/- |
| ബിൽ നമ്പർ , തീയതി | 12/5.6.2024 = 493662/-<br>15/5.6.2024 = 499251/-<br>29/19.12.2024 = 493965/-<br>28/29.11.2024 = 492979/-<br>41/22.02.2025 = 20143/- |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| എം.ബുക്ക് നമ്പർ | LSGD/CELSGD/EST/64236 /2024- 511 |
| കരാറുകാരൻ | ശശിധരൻ നായർ കെ.കെ |

മുളക്കുളം ഗ്രാമപഞ്ചായത്ത് വാർഡ് 1 ൽ മുളക്കുളം അമ്പലപ്പടി ജംഗ്ഷന് സമീപം വനിതകൾക്ക് സംരംഭങ്ങൾ തുടങ്ങാൻ രണ്ട് മുറിയും സ്റ്റെയർ റൂമും അടങ്ങുന്ന കെട്ടിടം നിർമ്മിക്കുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. ആയതിലേക്കായി ഇ-ടെണ്ടർ ക്ഷണിക്കുകയും ശ്രീ ശശിധരൻ നായർ കെ.കെ എന്ന കരാറുകാരൻ മുഖേന പ്രവൃത്തി നിർവ്വഹിക്കുകയും ചെയ്തു.16.8.2025 ന് സ്ഥലത്ത് നടത്തിയ പ്രാദേശിക പരിശോധനയിൽ ചുവടെ ചേർക്കുന്ന അപാകതകൾ കണ്ടെത്തി.

1) 67-ാം നമ്പർ അങ്കണവാടിക്ക് സമീപം നിർമ്മിച്ച ഈ കെട്ടിടത്തിന് മുൻ ഭാഗത്തായി ചുറ്റ് മതിലോ ഗെയ്റ്റോ നിർമ്മിച്ചിട്ടില്ല.

2) കറന്റ് കണക്ഷൻ ലഭിച്ചിട്ടില്ല.

3) സ്ഥലത്ത് നിലവിലുണ്ടായിരുന്ന കെട്ടിടം പൊളിച്ച് മാറ്റിയപ്പോൾ ലഭിച്ച സാധനങ്ങൾക്ക് അസിസ്റ്റന്റ് എഞ്ചിനീയർ 13,561/- രൂപയുടെ സർവ്വേ റിപ്പോർട്ട് നൽകിയിരുന്നു. ആയത് ബില്ലിൽ കുറവ് ചെയ്യാൻ തീരുമാനിച്ചിരുന്നു എങ്കിലും ആയത് പാലിച്ചിട്ടില്ല.

4)കെട്ടിടം നിർമ്മാണം പൂർത്തീകരിച്ചെങ്കിലും നാളിതുവരെ പ്രോജക്ടിന്റെ ലക്ഷ്യം കൈവരിച്ചിട്ടില്ല.

പ്രോജക്ട് ലക്ഷ്യം കാണാൻ സ്വീകരിച്ച തുടർപ്രവർത്തനങ്ങൾ അറിയിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 16/18.8.2025) നൽകുകയുണ്ടായി. തുകയുടെ പരിമിതി മൂലം എസ്റ്റിമേറ്റിൽ ചുറ്റ് മതിലിനോ ഗെയ്റ്റിനോ തുക വകയിരുത്താൻ സാധിച്ചില്ലെന്നും കറന്റ് കണക്ഷൻ ലഭിക്കാനുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമായി. സർവ്വേ റിപ്പോർട്ട് പ്രകാരമുള്ള തുക ഫൈനൽ ബില്ലിൽ കുറവ് ചെയ്യുമെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് പ്രോജക്ട് ലക്ഷ്യം കൈവരിച്ച ശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

B.D.O

**1-22 വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുസ്തകവിതരണം -അപാകതകൾ**

| | |
|---|---|
| പ്രോജക്ട് | 155/25 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലൈബ്രറികൾക്ക് പുസ്തകങ്ങളും ഫർണിച്ചറും വാങ്ങി നൽകൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| വകയിരുത്തൽ | 2,50000 - പുസ്തകങ്ങൾ |

| | |
|---|---|
| | 2,50000 -ഫർണിച്ചർ<br>500000- ( വികസനഫണ്ട്-ജനറൽ) |
| ചെലവ് | 4,99,649/- |
| ബിൽനമ്പർ | 371449/-( 419/11-3-24)<br>114224/-( 453/13-3-25)<br>13976/-( 458/19-3-2025)<br>499649/- |

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽവരുന്ന ഗ്രാമപഞ്ചായത്തുകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുസ്തകങ്ങളും ഫർണിച്ചറും വാങ്ങി നൽകുന്നതിനുവേണ്ടി ആവിഷ്കരിച്ച പ്രോജക്ടിന്റെ ഭാഗമായി മേൽപട്ടികയിൽ പറഞ്ഞപ്രകാരം ആകെ 4,99,649/- രൂപ ചെലവഴിച്ചിട്ടുണ്ട് . ക്വട്ടേഷൻ നടപടികളിലൂടെ സ്റ്റാർ ഇൻഡസ്ട്രീസ്, ശ്രീമംഗലം എന്ന സ്ഥാപനത്തിൽ നിന്നും 7 സ്റ്റീൽ അലമാരകളും നാഷണൽ ബുക്ക്സ്റ്റാളിൽ നിന്നും വിവിധ ബില്ലുകൾ പ്രകാരം പുസ്തകങ്ങളും വാങ്ങുകയും വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)പദ്ധതി മാർഗ്ഗരേഖയനുസരിച്ച് തദ്ദേശഭരണസ്ഥാപനങ്ങളുടെ പരിധിയിലുള്ളതും ലൈബ്രറികൗൺസിലിന്റെ അംഗീകാരമുള്ളതുമായ ലൈബ്രറികൾക്ക് പുസ്തകങ്ങളും ആനുകാലികങ്ങളും വാങ്ങാമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ എയിഡഡ് മേഖലയിലെ ഉൾപ്പെടെയുള്ള സ്കൂളുകൾക്കാണ് പ്രോജക്ട്പ്രകാരം പുസ്തകങ്ങൾ വാങ്ങി നൽകിയിട്ടുള്ളത്. 2024-25പദ്ധതിരൂപീകരണത്തിന്റെ ഭാഗമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് (വിദ്യാഭ്യാസം, കല, സംസ്കാരം) നിർദ്ദേശിച്ചിരുന്നതും ലൈബ്രറികൾക്ക് പുസ്തകവിതരണം നടത്തുന്ന പ്രോജക്ട് ഏറ്റെടുക്കുന്നതിനാണ്.

2) 23വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പേരിൽ പുസ്തകങ്ങൾ വാങ്ങിയിട്ടുള്ളതിന് ഓരോ സ്ഥാപനത്തിന്റെ പേരിലുമുള്ള പർച്ചേയ്സ് ബില്ലുകൾ പ്രത്യേകമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഓരോ സ്ഥാപനത്തിനുമുള്ള പുസ്തകങ്ങൾ സ്ഥാപനങ്ങൾക്ക് തെരഞ്ഞെടുക്കാവുന്നതാണെന്ന് എൻബിഎസിനുള്ള കത്തിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ആകെ എത്ര രൂപയ്ക്കുള്ള പുസ്തകങ്ങൾ എടുക്കാം എന്ന് വ്യക്തമാക്കിയിട്ടില്ല. ആയതിനാൽ എന്തടിസ്ഥാനത്തിലാണ് ഓരോ സ്ഥാപനത്തിനുമുള്ള പുസ്തകങ്ങളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമല്ല .

3) പദ്ധതിയിലുൾപ്പെടുത്തിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ലിസ്റ്റ് പ്രകാരം ആകെ 23സ്ഥാപനങ്ങളേ ഉള്ളുവെങ്കിലും വിതരണലിസ്റ്റ് പ്രകാരം 25 സ്ഥാപനങ്ങൾ ഉള്ളതായി കാണുന്നു. എന്നാൽ 23സ്ഥാപനങ്ങളുടെ കൈപ്പറ്റ് രസീതുകൾ മാത്രമേ ഫയലിൽ സൂക്ഷിച്ചുകാണുന്നുള്ളു.

4) പലകേസുകളിലും സ്കൂളുകളുടെ പേരിൽ ബില്ലുകൾപ്രകാരം വാങ്ങിയിട്ടുള്ള പുസ്തകങ്ങളുടെ എണ്ണവും ഫയലിൽ സൂക്ഷിച്ചിട്ടുള്ള കൈപ്പറ്റ് രസീതുകൾപ്രകാരം ടി സ്ഥാപനങ്ങൾ കൈപ്പറ്റിയ പുസ്തകങ്ങളുടെ എണ്ണവും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ബിൽനമ്പർ | ബിൽപ്രകാരം വാങ്ങിയ പുസ്തകങ്ങളുടെ എണ്ണം | കൈപ്പറ്റ് രസീതുപ്രകാരം കൈപ്പറ്റിയ പുസ്തകങ്ങൾ | കുറവ് |
|---|---|---|---|---|
| എസ് എം വി എച്ച് എസ് എസ് കല്ലറ | 1545/27-1-25 | 159 | 102 | 57 |
| അസ്സസ് മൗണ്ട് എച്ച് എസ് എസ് നീർപ്പാറ | 1433/ 8-1-25 | 160 | കൈപ്പറ്റ് വിവരം ലഭ്യമല്ല | |
| ഗവ. എൽപിഎസ് ആയാംകുടി | 1443/9-1-25 | 82 | 77 | 5 |
| ലിറ്റിൽ ഫ്ലവർ യുപിഎസ് | 1459/ 10-1-25 | 156 | കൈപ്പറ്റ് രസീതിൽ എണ്ണം | |

| | | | | |
|---|---|---|---|---|
| പൊതി | | | രേഖപ്പെടുത്തിയിട്ടില്ല | |
| ഗവ.എൽ പി എസ്, കല്ലറ | 1498 /17-1-25 | 63 | 58 | 5 |
| എസ് എം വി യുപിഎസ് കല്ലറ | 1528/ 23-1-25 | 120 | 114 | 6 |
| ഗവ. ഹരിജൻ വെൽഫെയർ എൽ പി എസ് കല്ലറ | 1529/ 23-1-25 | 78 | 77 | 1 |
| ഗവ. വി എച്ച് എസ് എസ് കടുത്തുരുത്തി | 1530 /23-1-25 | 63 | 62 | 1 |
| സെന്റ് മൈക്കിൾസ് എച്ച് എസ് എസ് കടുത്തുരുത്തി | 1561/ 29-1-25 | 84 | 78 | 6 |
| റവ. ഫാദർ ഗീവർഗ്ഗീസ് മെമ്മോറിയൽ വി എച്ച് എസ് എസ് കാരിക്കോട് | 1578/ 1-2-25 | 101 | 85 | 16 |
| കെ എ എം യു പി എസ് കാരിക്കോട് | 1466/13-1-25 | 209 | 110 | 99 |
| സി എം എൽ പി എസ് ഇറുമ്പയം | 1622/ 7-2-26 | 75 | 64 | 11 |
| സി എം എസ് യു പി എസ് വാക്കാത്ത് ,കാട്ടാമ്പാക്ക് | 1638/11-2-25 | 163 | 162 | 1 |
| ബോയ്സ് എച്ച് എസ് എസ് പെരുവ | 1696/ | 75 | 40 | 35 |
| എൻ എസ് എസ് എച്ച് എസ് കാട്ടാമ്പാക്ക് | 1579/ 1-2-25 | 98 | 93 | 5 |
| ഗവ. എൽ പി എസ് വെള്ളൂർ | 1554/ | 128 | 86 | 42 |
| എസ് കെ വി, പെരുന്തുരുത്ത് | 1489/ 16-1-25 | 95 | 83 | 12 |

| | | | | |
|---|---|---|---|---|
| എച്ച് എസ് എസ് ഫോർ ദി ഡെഫ് വടകര, നീർപ്പാറ | ഇല്ല | ഇല്ല | 139 | ടി സ്കൂളിന്റെ പേരിൽ പർച്ചേയ്സ് ബിൽ ഫയലിൽ ലഭ്യമായിട്ടില്ല |

മേൽ അപാകതകൾ സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് (നം. 5/18-8-25) ലഭ്യമാക്കിയ മറുപടിയിൽ, വിതരണം ചെയ്ത പുസ്തകങ്ങളുടെ എണ്ണവും ഫയലിൽ സൂക്ഷിച്ചിട്ടുള്ള കൈപ്പറ്റ് രസീതിലെ പുസ്തകങ്ങളുടെ എണ്ണവും വ്യത്യാസപ്പെട്ടിരിക്കുന്നത് പരിഹരിക്കാൻ ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ച് തുടർനടപടികൾ ബോധ്യപ്പെടുത്തുന്നതാണെന്ന് വ്യക്തമാക്കുകയുണ്ടായി. സ്കൂളുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ച് പ്രോജക്റ്റിന്റെ ഭാഗമായി കൈപ്പറ്റിയ പുസ്തകങ്ങളുടെ എണ്ണം കൈപ്പറ്റ് രസീതിലും ബില്ലിലും വ്യത്യാസപ്പെടാനുണ്ടായ കാരണം സംബന്ധിച്ച് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതും സ്കൂളുകളിലെ സ്റ്റോക്ക് രേഖകൾ പരിശോധിച്ച് എണ്ണത്തിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ആയതുവരേയ്ക്കും 499649/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മറുപടിയിൽ വ്യക്തമാക്കിയ പ്രകാരം തുടർനടപടികൾ സ്വീകരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-23 എച്ച്.എം.സി ഫണ്ടിൽ മതിയായ തുക ലഭ്യമായിരിക്കെ ദൈനംദിന ചെലവുകൾക്കായി റോഡിതരമെയിന്റനൻസ് ഗ്രാന്റിൽ നിന്നും തുക ചെലവഴിക്കുന്നു**

2024-25 വർഷം മെഡിക്കൽ ഓഫീസർ-സിഎച്ച്സി തലയോലപ്പറമ്പ് നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്റ്റ് നം 39/25 പ്രകാരം 800000/- രൂപ റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ദൈനംദിന ചെലവുകൾക്കായി വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിൽ രൂപീകരിച്ചിട്ടുള്ള എച്ച്എംസി അക്കൗണ്ടിന്റെ ബാങ്ക് പാസ്സ് ബുക്ക് പരിശോധിച്ചതിൽ (എസ്.ബി.ഐ തലയോലപ്പറമ്പ് ശാഖ അക്കൗണ്ട് നം.57035833848) 31.03.2025 ൽ പ്രസ്തുത അക്കൗണ്ടിൽ 2173620/- രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു.

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിൽ കണ്ടിജന്റ് ചെലവുകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വികസനത്തിനാവശ്യമായ മുഴുവൻ ചെലവുകളും നടത്തുന്നതിനായാണ് ആശുപത്രി വികസനഫണ്ട് രൂപീകരിക്കേണ്ടതെന്നും തദ്ദേശസ്ഥാപനം, സർക്കാർ വഴി ലഭ്യമാക്കുന്ന മുഴുവൻ തുകയും ഈ ഫണ്ടിൽ വരവ് ചേർത്ത് കമ്മറ്റിയുടെ അനുമതിയോടെ ചെലവ് ചെയ്യാവുന്നതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം HMC ഫണ്ടിൽ മതിയായ തുക ലഭ്യമായിരിക്കെ പ്രോജക്റ്റ് തയ്യാറാക്കി റോഡിതരമെയിന്റനൻസ് ഗ്രാന്റിൽ നിന്നും ദൈനംദിന ചെലവുകൾക്കായി തുക ചെലവഴിക്കുന്നതായാണ് കാണുന്നത്. കൂടാതെ HMC ഫണ്ടിൽ നിന്നും ചെലവഴിച്ച തുകകൾ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും റീക്കൂപ്പ് ചെയ്ത് എച്ച്.എം.സി ഫണ്ടിലേക്ക് തിരികെ നിക്ഷേപിക്കുന്നതായും കാണുന്നു. സ ഉ (കൈ)90/2023 LSGD തീ 09-04-2023 പ്രകാരമുള്ള മെയിന്റനൻസ് ഫണ്ട് വിനിയോഗത്തിനുള്ള മാർഗ്ഗരേഖ ഖ 2-5 പ്രകാരം സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും സ്ഥാപനങ്ങൾക്ക് ലഭിക്കാൻ ഇടയുള്ള തുക കഴിച്ച് ബാക്കിയുള്ളത് മാത്രം തദ്ദേശസ്ഥാപനം കണ്ടെത്തിയാൽ മതിയാകും എന്ന് വ്യക്തമാക്കിയിട്ടുമുണ്ട്. മേൽ സാഹചര്യത്തിൽ എച്ച്.എം.സി ഫണ്ടിൽ മതിയായ തുക ലഭ്യമായിരിക്കെ ദൈനംദിന ചെലവുകൾക്കായി റോഡിതരമെയിന്റനൻസ് ഗ്രാന്റിൽ നിന്നും തുക ചെലവഴിക്കുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/19.08.2025) മറുപടി ലഭ്യമാക്കിയില്ല. HMC അക്കൗണ്ടിലെ തുക നിശ്ചിതാവശ്യങ്ങൾക്ക് വിനിയോഗിക്കുന്നുണ്ടെന്നും കൂടുതലായി ആവശ്യം വരുന്ന തുക മാത്രമാണ് മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് പിൻവലിക്കുന്നതെന്നും ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

**1-24 ശ്രീജാലകം - തുടർ പ്രവർത്തനങ്ങൾ ലഭ്യമാക്കേണ്ടതാണ്.**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ , പേര് | 145/25, ശ്രീജാലകം - കുടുംബശ്രീ ബ്ലോക്ക്തല ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തനം (S.O) |
| അടങ്കൽ, ഫണ്ടിനം | 300000/-വികസനഫണ്ട് (ജനറൽ) |

| | |
|---|---|
| ചെലവ് | 44117/-<br>വികസനഫണ്ട് (ജനറൽ) |
| ബിൽ നമ്പർ, തീയതി | 7/21.01.2025 = 2100/-<br>12/25.3.2025 = 10000/-<br>10/24.3.2025 = 8086/-<br>5/30.11.2024 = 23931/- |
| നിർവ്വഹണോദ്യോഗസ്ഥൻ സി.ഡി.പി.ഒ | |

സ്ത്രീ ശാക്തീകരണത്തിനും സ്ത്രീകളുടെ തൊഴിൽ വരുമാനം ഉറപ്പ് വരുത്തി സമ്പദ് വ്യവസ്ഥയിലേക്കുള്ള സ്ത്രീകളുടെ സംഭാവന ഉറപ്പാക്കുന്നതിനുള്ള ഇടപെടലുകൾ ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് ആരംഭിച്ച നൂതനപ്രോജക്ടാണ് സ്ത്രീജാലകം. 2023-24 ൽ ആവിഷ്കരിച്ച പ്രോജക്ട് തനത്വർഷം സ്പിൽ ഓവറായി തുടരുകയായിരുന്നു. സ്ത്രീകൾക്ക് അവരുടെ അഭിരുചിക്കനുസരിച്ച് വിവിധ തൊഴിലുകൾ സ്വീകരിക്കാവുന്നതും വിദഗ്ധരുടെ കീഴിൽ പരിശീലനം നൽകുകയും ചെയ്യുന്നു. ഭരണസമിതിയുടെ 30.8.2024 ലെ 2(1) നമ്പർ തീരുമാനപ്രകാരം ഫിസിയോതെറാപ്പി, രോഗീപരിചരണം, വയോജനപരിപാലനം, പ്രസവാനന്തരപരിപാലനം, ഡ്രൈവിംഗ് പരിശീലനം, കൃഷി പരിപാലനം, ഹൗസ് കീപ്പിംഗ്, ശിശുപരിപാലനം, മൃഗപരിപാലനം , ഡ്രൈവിംഗ് എന്നിങ്ങനെ 10 പദ്ധതികൾ 2024-2025 വർഷം നടപ്പാക്കാൻ തീരുമാനിക്കുകയും ചെയ്തു. 17.3.2025 ൽ പ്രോജക്ടിന്റെ നിർവ്വഹണത്തിനായി ബ്ലോക്ക്തല ഫെസിലിറ്റേഷൻ സെന്റർ ഉദ്ഘാടനം ചെയ്യുകയും ഉദ്യോഗാർത്ഥികൾക്ക് രജിസ്റ്റർ ചെയ്യാൻ വെബ്സൈറ്റ് തയ്യാറാക്കുകയും വിവിധ പരിശീലന പരിപാടികൾ പൂർത്തിയാക്കുകയും ചെയ്തു. ആയതിലേക്കായി തനത്വർഷം 44117/- രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിക്കുകയും ചെയ്തു. കുടുംബശ്രീ സ്റ്റേറ്റ് എക്സിക്യൂട്ടീവ് ഡയറക്ടറുടെ 29.5.2024 ലെ KSHO/1198/2023 – D1 നമ്പർ മാർഗ്ഗനിർദ്ദേശങ്ങളിൽ കുടുംബശ്രീ കെ- ഫോർ കെയർ പദ്ധതിക്ക് അംഗീകരിച്ച് നൽകിയിട്ടുള്ള സേവനവേതന വ്യവസ്ഥകൾ തന്നെ ഈ പ്രോജക്ടിലും ഉൾപ്പെടുത്താൻ തീരുമാനിക്കുകയും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് വേതനം നൽകാൻ 12.3.2025 ലെ 1(5) പ്രകാരം ഭരണസമിതി തീരുമാനിക്കുകയും ചെയ്തു. പ്രോജക്ടുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 10/18.10.2025) നൽകുകയുണ്ടായി.

1) നാളിതുവരെ തൊഴിലിനായി രജിസ്റ്റർ ചെയ്ത സ്ത്രീകളുടെ എണ്ണം , ലഭ്യമാക്കിയ തൊഴിലുകൾ എന്നിവ സംബന്ധിച്ച റിപ്പോർട്ട് .

2) പഞ്ചായത്തുകൾ, സി.ഡി.എസ് കമ്മറ്റികൾ, ബ്ലോക്ക് തല ആസൂത്രണസമിതി , നിർവ്വഹണോദ്യോഗസ്ഥർ എന്നിവരടങ്ങുന്ന ഗ്രൂപ്പ് പ്രോജക്ട് മോണിട്ടർ ചെയ്യും എന്നാണ് പ്രോജക്ടിൽ പരാമർശിച്ചിട്ടുള്ളത്. എന്നാൽ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3) വിവിധ ഗ്രാമപഞ്ചായത്തുകളുടെ ഗ്രാമസഭകൾ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2023-24 വർഷത്തിന്റെ അവസാനം അംഗീകാരം ലഭിച്ച പ്രോജക്ടിന് വനിതകളെ കണ്ടെത്തി പരിശീലനം നൽകാൻ കഴിഞ്ഞത് 2024-25 സാമ്പത്തിക വർഷത്തിന്റെ അവസാനമാണെന്നും മറുപടി ലഭ്യമാക്കി . അതത് ഗ്രാമപഞ്ചായത്തിലെ സി.ഡി.എസ് വഴി തെരഞ്ഞെടുക്കപ്പെട്ട 113 വനിതകൾ നിലവിൽ തൊഴിലിനായി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും 2025 -26 വർഷം പ്രോജക്ട് സ്പിൽ ഓവറായി തുടരുന്നുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. കുടുംബശ്രീ കെ- ഫോർ കെയർ പദ്ധതിക്ക് അംഗീകരിച്ച് നൽകിയിട്ടുള്ള സേവനവേതന വ്യവസ്ഥകൾ സാധാരണ നൽകിവരുന്നതിലും ഉയർന്ന നിരക്കായതിനാൽ ആയത് പദ്ധതിനടത്തിപ്പിനെ ബാധിച്ചിട്ടുണ്ടെന്ന് എക്സിറ്റ് മീറ്റിംഗിൽ മുൻ പ്രസിഡന്റ് അഭിപ്രായപ്പെട്ടു.
തൊഴിൽ ആവശ്യപ്പെടുന്ന വനിതകൾക്ക് തൊഴിൽ നൽകി അവരെ സാമ്പത്തികമായി സ്വയംപര്യാപ്തരാക്കുക എന്ന വലിയ ലക്ഷ്യത്തോടെ ആരംഭിച്ച കടുത്തുരുത്തി ബ്ലോക്ക്പഞ്ചായത്തിന്റെ ഈ നൂതനപദ്ധതി നിലവിൽ അതിന്റെ ആരംഭദശയിലാണ്. സമൂഹത്തിന് പ്രയോജനം ചെയ്യുന്ന രീതിയിലുള്ള മാതൃകാ പ്രോജക്ടായി സ്ത്രീജാലകം പ്രോജക്ട് മാറുവാൻ കൂടുതൽ ഊർജ്ജസ്വലമായ പ്രവർത്തനങ്ങൾ ഭരണസമിതി തലത്തിൽ ഉണ്ടാവേണ്ടതാണ്. പ്രോജക്ട് ലക്ഷ്യം കൈവരിച്ചശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-25 നിക്ഷേപ പ്രവൃത്തികൾ- പൂർത്തീകരണവിവരം / ചെലവുതുകയുടെ വിനിയോഗവിവരം ലഭ്യമല്ല- ചെലവ് തടസ്സപ്പെടുത്തുന്നു.**

കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിൽ 2024-25 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രോജക്ടുകളുടെ പൂർത്തീകരണവിവരവും ചെലവുതുകയുടെ

വിനിയോഗവിശദാംശങ്ങളും ലഭ്യമായിട്ടില്ല.

| ക്രമനമ്പർ | പ്രോജക്ട് നം/ പേര് | നിക്ഷേപിച്ച തുക (രൂപ) | ബിൽ നം, തീയതി | ഫണ്ടിനം | നിർവ്വഹണ ഏജൻസി |
|---|---|---|---|---|---|
| 1 | 162/25 കല്ലറ പഞ്ചായത്തിലെ 6-ാം വാർഡിൽ വൃദ്ധരുടെ പകൽവീട്ടിൽ ആർ ഒ പ്ലാന്റ് സ്ഥാപിക്കൽ | 540000/- | 487/24-3-25 | സി എഫ് സി- ടൈഡ് ഫണ്ട് | വാട്ടർ അതോറിറ്റി |
| 2 | 161 /25 കല്ലറ പഞ്ചായത്തിലെ 7,8,10,11 വാർഡുകളിൽ സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ | 500000/- | 308/22-1-25 | സി എഫ് സി- അൺ ടൈഡ് ഫണ്ട് | കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ നീണ്ടൂർ |

മേൽ പ്രോജക്ടുകളുടെ നിർവ്വഹണപുരോഗതി, പൂർത്തീകരണവിവരം, ചെലവുതുകയുടെ വിനിയോഗവിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

1) ക്രമനമ്പർ 1 പ്രോജക്ടിന് വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റനുസരിച്ചുള്ള തുക 6,53000/-രൂപയായിരുന്നു. എന്നാൽ 540000/- രൂപ മാത്രമേ അടവാക്കിയുള്ളൂ. എസ്റ്റിമേറ്റ് തുക പൂർണ്ണമായും അടവാക്കുന്ന മുറയ്ക്ക് മാത്രമേ പ്രവൃത്തി നടപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാനാകൂ എന്ന് ഇ-മെയിൽ സന്ദേശത്തിലൂടെ ബ്ലോക്ക്പഞ്ചായത്തിനെ അറിയിച്ചിരുന്നതായും കാണുന്നു.

2) ക്രമനമ്പർ 2 പ്രോജക്ടിന്റെ ഭാഗമായി വിവിധ വാർഡുകളിലായി 4 റോഡുകളിൽ ലൈൻ ദീർഘിപ്പിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കാനാണാവശ്യപ്പെട്ടതെങ്കിലും കല്ലറ-ശ്രീകൃഷ്ണ റോഡിലെ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് മാത്രമാണ് കെഎസ്ഇ ബിയിൽനിന്നും ലഭ്യമായിട്ടുള്ളത്. കെഎസ് ഇ ബി-യുമായുള്ള കരാറിൽ ഒപ്പുരേഖപ്പെടുത്തി കരാർ ആധികാരികമാക്കിയിട്ടില്ല.

ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ രണ്ട് പ്രവൃത്തികളുടേയും നിർവ്വഹണപുരോഗതി മേൽനിരീക്ഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

മേൽ പ്രോജക്ടുകളുടെ നിർവ്വഹണപുരോഗതി, പൂർത്തീകരണവിവരം, ചെലവുതുകയുടെ വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതോടൊപ്പം ഫയൽപരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള മേൽ കുറിപ്പുകൾക്ക് മറുപടി ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് (നം- 2/16-8-25) ലഭ്യമാക്കിയ മറുപടിയിൽ ക്രമനമ്പർ 1 പ്രോജക്ടിന് അടവാക്കാനവശേഷിക്കുന്ന തുക അടവാക്കുന്നതിന് 1,13000/-രൂപ വകയിരുത്തി 2025-26 വാർഷികപദ്ധതിയിൽ പ്രോജക്ട് ആവിഷ്ക്കരിച്ചിട്ടുണ്ടെന്നും എസ്റ്റിമേറ്റ് തുക പൂർണ്ണമായി അടവാക്കിയാൽ മാത്രമേ കരാറിലേർപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂവെന്നും വാട്ടർ അതോറിറ്റി അറിയിച്ചിട്ടുള്ളതായും പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും വിശദീകരണം നൽകിയിട്ടുണ്ട്. കൂടാതെ ക്രമനമ്പർ 2 പ്രകാരമുള്ള പ്രോജക്ടിന്റെ കാര്യത്തിൽ കല്ലറ- ശ്രീകൃഷ്ണ റോഡിന്റെ എസ്റ്റിമേറ്റ് തുക 500000/-രൂപയായിരുന്നുവെന്നും പ്രോജക്ടിൽ അഞ്ച് ലക്ഷം രൂപ മാത്രമേ വകയിരുത്തിയിരുന്നുള്ളൂവെന്നും ആയതിനാൽ വകയിരുത്തിയ തുക അനുവദിക്കുകയായിരുന്നുവെന്നും അറിയിച്ചു. എന്നാൽ പ്രോജക്ട് നടപ്പാക്കിയതിന്റേയും തുക ചെലവഴിച്ചതിന്റേയും വിവരങ്ങൾ ലഭ്യമായിട്ടില്ല.

പ്രോജക്ടുകളുടെ പൂർത്തീകരണസാക്ഷ്യപത്രവും ചെലവുതുകകളുടെ വിനിയോഗവിവരങ്ങളും ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ പ്രോജക്ടുകൾ പ്രകാരം തൻവർഷം നടത്തിയ 10,40000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രോജക്ടുകൾ തുടർവർഷം നടപ്പാക്കുന്ന മുറയ്ക്ക് പൂർത്തീകരണസാക്ഷ്യപത്രവും, ചെലവുതുകകളുടെ വിനിയോഗവിശദാംശങ്ങളും ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**I-26 ഹെൽത്ത് ഗ്രാന്റ്-അവലോകനം**

പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള അഞ്ച് വർഷ കാലയളവിലേക്ക് ഇന്ത്യയൊട്ടാകെ 70051 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അഞ്ച് വർഷത്തെ വിഹിതം 2968.28 കോടി രൂപയാണ്. പദ്ധതിയുടെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ ആർദ്രം മിഷനിലൂടെ കേരളത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനുമുള്ള ശ്രമങ്ങൾ നടന്നുവരുന്നതിനാൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി ആരോഗ്യ മേഖലാ ഗ്രാന്റ് ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിനാധാരമായിട്ടുള്ളത് താഴെപ്പറയുന്ന സർക്കാർ ഉത്തരവുകളും സർക്കുലറുകളുമാണ്.

| ക്രമ നമ്പർ | ഉത്തരവ് നമ്പർ, തീയതി |
|---|---|
| 1 | **G.O(Rt) No. 2132/2022/LSGD Dated** 31.08.2022 |
| 2 | **G.O(Rt) No. 2156/2022/LSGD Dated** 01.09.2022 |
| 3 | **G.O(Rt) No. 3157/2022/LSGD Dated** 21.12.2022 (നഗരപാലികാ സ്ഥാപനങ്ങൾ) |
| 4 | **G.O(Rt) No. 1078/2022/LSGD Dated** 20.05.2023 (നഗരപാലികാ സ്ഥാപനങ്ങൾ) |
| 5 | **Circular No. FM3/138/2023/LSGD Dated** 23.05.2023 |
| 6 | **G.O(Rt) No. 1625/2023/LSGD Dated** 09.08.2023 |

കുടുംബാരോഗ്യകേന്ദ്രത്തിലും സബ്സെന്ററുകളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, ആരോഗ്യ സ്ഥാപനങ്ങൾ മുഖേന ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും കെട്ടിടമില്ലാത്ത കുടുംബാരോഗ്യ/ഉപകേന്ദ്രങ്ങൾക്ക് കെട്ടിട നിർമ്മാണത്തിനുമായി ഹെൽത്ത് ഗ്രാന്റ് ഉപയോഗിക്കേണ്ടതാണ്. ഇത് ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള വിവിധ സ്കീമുകൾ വഴിയാണ് നടപ്പാക്കേണ്ടത്. സ്കീമുകൾ താഴെ നൽകുന്നു.

1. സ്കീം 1- കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന്.
2. സ്കീം 2- ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.
3. സ്കീം 3- ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.
4. സ്കീം 4- ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.
5. സ്കീം 5 - നഗരപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.
6. സ്കീം 6 – അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ.

**09.08.2023** ലെ സ.ഉ (സാധാ)നം **1625/2023/LSGD** പ്രകാരം സ്കീം 1 പ്രകാരം കെട്ടിടങ്ങൾ ഇല്ലാത്ത സാമൂഹികാരോഗ്യ കേന്ദ്രങ്ങൾക്ക് കെട്ടിടം പണിയുക, സ്കീം 2 പ്രകാരം ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം നൽകുക എന്നീ പ്രവർത്തനങ്ങളാണ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് നടപ്പിലാക്കാവുന്നത്.

കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ സി.എച്ച്.സി തലയോലപ്പറമ്പ്, സി.എച്ച്.സി അറുനൂറ്റിമംഗലം എന്നീ ആരോഗ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗിക്കുന്നതിന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിച്ചശേഷം ഭരണസമിതി പരിഗണിച്ച് പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകേണ്ടതുമാണ്.

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് വിഭാവനം ചെയ്ത പദ്ധതികൾ

| വർഷം | പദ്ധതി | അടങ്കൽ തുക ₹ | ചെലവ് തുക ₹ |
|---|---|---|---|
| 2023-24 | 144/24 – ബ്ലോക്ക് പബ്ലിക് ഹെൽത്ത് യൂണിറ്റ്-സി.എച്ച്.സി തലയോലപ്പറമ്പിൽ സൗകര്യം മെച്ചപ്പെടുത്തുന്നതിന് കെട്ടിടം നവീകരണം പാർട്ടീഷനിംഗ്, ഇലക്ട്രിക്കൽ,വയറിംഗ്,ലാബ് നവീകരണം | 900000 | 835522 |
| | 145/24 – സി.എച്ച്.സി തലയോലപ്പറമ്പിൽ പൊതുജനാരോഗ്യ പ്രവർത്തനത്തിന് ആവശ്യം വേണ്ട വിവര സാങ്കേതിക വിദ്യ ഉപകരണങ്ങൾ വാങ്ങൽ | 550000 | 538704 |
| | 146/24, ബ്ലോക്ക് പബ്ലിക് ഹെൽത്ത് യൂണിറ്റ് -സി.എച്ച്.സി തലയോലപ്പറമ്പ് -ലാബ് ഉപകരണങ്ങൾ വാങ്ങൽ,അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 1307000 | 1307000 |
| 2024-25 | 159/25 - സി.എച്ച്.സി തലയോലപ്പറമ്പിൽ പൊതുജനാരോഗ്യ പ്രവർത്തനത്തിന് ആവശ്യം വേണ്ട വിവര സാങ്കേതിക വിദ്യ ഉപകരണങ്ങൾ വാങ്ങൽ | 11296 | 11296 |
| | 160/25 - ബ്ലോക്ക് പബ്ലിക് ഹെൽത്ത് യൂണിറ്റ്-സി.എച്ച്.സി തലയോലപ്പറമ്പിൽ സൗകര്യം മെച്ചപ്പെടുത്തുന്നതിന് കെട്ടിടം നവീകരണം പാർട്ടീഷനിംഗ്, ഇലക്ട്രിക്കൽ, വയറിംഗ്, ലാബ് നവീകരണം | 64745 | 64745 |

കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെ വിവിധ സ്കീമുകളിൽ ലഭ്യമായ ഹെൽത്ത് ഗ്രാന്റുകളുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു .

| ലഭിച്ച ഹെൽത്ത് ഗ്രാന്റ് | | | | ആകെ | ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ് | | | | ആകെ | ബാലൻസ് |
|---|---|---|---|---|---|---|---|---|---|---|
| 2021-2022 | 2022-2023 | 2023-2024 | 2024-25 | | 2021-2022 | 2022-2023 | 2023-2024 | 2024-2025 | | |
| - | - | 2786593 | 4226706 | 7013299 | - | - | 2681226 | 67456 | 2748682 | 4264617 |

ബ്ലോക്ക് പഞ്ചായത്തിന് ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നാളിതുവരെ ലഭിച്ച തുകയിൽ ബാങ്ക് അക്കൗണ്ടിൽ ലഭ്യമായ പലിശ ഉൾപ്പെടെ 4264617/- രൂപ 31.03.25 വരെ ചെലവഴിക്കാതെ അവശേഷിക്കുന്നു.

ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗം കാനറ ബാങ്കിന്റെ കടുത്തുരുത്തി ശാഖയിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലൂടെയാണ് (അക്കൗണ്ട് നം. 110027229417) നടത്തുന്നത്. അതത് സ്കീമുകളുടെ പ്രവർത്തനങ്ങൾക്കായി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള നിർവ്വഹണ ഉദ്യോഗസ്ഥരാണ് ഗ്രാന്റ് തുകയുടെ വിനിയോഗം നിർവ്വഹിക്കുന്നത്. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയറും സൗകര്യങ്ങൾ ഒരുക്കൽ, ഉപകരണങ്ങൾ വാങ്ങൽ എന്നിവ സെക്രട്ടറിയും മെഡിക്കൽ ഓഫീസർമാരുമാണ് നിർവ്വഹിക്കുന്നത്.

ഓരോ സാമ്പത്തിക വർഷവും അവസാനത്തെ ആഴ്ചകളിലാണ് തൻവർഷത്തെ ഗ്രാന്റുകൾ ബ്ലോക്ക്

പഞ്ചായത്തിന് ലഭ്യമാകുന്നത്. ആയതിനാൽ യഥാസമയം ഗ്രാന്റ് ചെലവഴിക്കുവാൻ സാധിക്കാത്ത സ്ഥിതിവിശേഷമുണ്ട്. തൻവർഷം 1.55% മാത്രമാണ് ഹെൽത്ത് ഗ്രാന്റിന്റെ ചെലവ്. ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനും ചികിത്സാ സൗകര്യങ്ങൾക്കുമായി ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക ഫലപ്രദമായി ഉപയോഗിക്കാത്ത പക്ഷം ആയത് ലാപ്സായി പോകുന്നതാണ്. ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം, രോഗനിർണ്ണയ സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ആരോഗ്യ സ്ഥാപനങ്ങൾ സന്ദർശിച്ച് സൗകര്യങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ ഭരണസമിതിയെ അറിയിക്കേണ്ടതാണ്. പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകുന്നതിൽ ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നീ തലങ്ങളിൽ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്.

ആരോഗ്യ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും രോഗ നിർണ്ണയ, രോഗപ്രതിരോധ സൗകര്യങ്ങളുടെ വർദ്ധനവും ഉറപ്പാക്കുന്നതിനാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. മേൽ ഗ്രാന്റുകളുടെ കൃത്യവും സമയബന്ധിതവുമായ വിനിയോഗം ഭരണസമിതി ഉറപ്പാക്കേണ്ടതാണ്.

B.D.O

**1-27 പി എം എ വൈ ഭവനപദ്ധതി- കരാറിലേർപ്പെട്ട് ആദ്യഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ തുടർപണികൾ നടത്തിയിട്ടില്ല**

2024-25 വർഷത്തെ പിഎം എ വൈ ഭവനപദ്ധതിയുടെ ഭാഗമായി ജനറൽ, എസ് സി പി വിഭാഗത്തിലുമായി തൻവർഷം രണ്ട് പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് വിവിധ വിഹിതസ്രോതസ്സുകളിൽ നിന്നായി യഥാക്രമം 36,71,035/-രൂപയും (പ്രോജക്ട്നം-502/25) 19,80000/-രൂപയും (പ്രോജക്ട്നം- 501/25)വീതം ആകെ 56,51,035/-രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ രണ്ട് പ്രോജക്ടുകളിലും കരാറിലേർപ്പെട്ട് അഡ്വാൻസായി ആദ്യഗഡു മാത്രം കൈപ്പറ്റിയതിനുശേഷം നാളിതുവരെ നിർമ്മാണപ്രവൃത്തികൾ തുടർന്ന് നടത്തുകയോ തുടർന്നുള്ള ഗഡുക്കൾ കൈപ്പറ്റുകയോ ചെയ്യിട്ടില്ലാത്ത ഗുണഭോക്താക്കൾ ഉള്ളതായി പരിശോധനയിൽ കാണുന്നു. ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് നം11/25 പിഎം എ വൈ ഭവനനിർമ്മാണം- എസ് സി പി

| ക്രമനം | ഗുണഭോക്താവ് | കരാർതീയതി | കൈപ്പറ്റിയ തുക | ബിൽനമ്പർ |
|---|---|---|---|---|
| 1 | ലത മണക്കുട്ടൻ താമരംകുന്നേൽ കടുത്തുരുത്തി | 13-12-24 | 48000/- | 286/31-12-2024 |
| 2 | കുഞ്ഞുവാവ കുറിച്ചിപറമ്പിൽ കല്ലറ | 8-10-24 | 50000/- | 450/15-3-25 |
| 3 | സുരേന്ദ്രൻ പി കെ പുത്തൻതറ വടയാർ തലയോലപ്പറമ്പ് | ലഭ്യമല്ല | 50000/- | 387/7-3-25 |

2) പ്രോജക്ട് നം 2/25 പിഎം എ വൈ ഭവനനിർമ്മാണം- ജനറൽ

| ക്രമനമ്പർ | ഗുണഭോക്താവ് | കരാർതീയതി | കൈപ്പറ്റിയ തുക | ഫണ്ടിനം | തീയതി |
|---|---|---|---|---|---|
| 1 | സുഷമപ്രസന്നൻ കുഴികണ്ടത്തിൽ കടുത്തുരുത്തി | തീയതി രേഖപ്പെടുത്തിയിട്ടില്ല | 48000/- | കേന്ദ്രവിഹിതം | 18-11-24 |
| 2 | അന്നമ്മാതോമസ് കണ്ണവത്തുപറമ്പിൽ ആയാംകുടി, | 9-12-24 | 48000/- | " | 4-1-25 |

| | | | | | |
|---|---|---|---|---|---|
| | കടുത്തുരുത്തി | | | | |
| 3 | അന്നമ്മാതോമസ് പൊതികുഴിയേൽ വാലാച്ചിറ കടുത്തുരുത്തി | 4-12-24 | 48000/- | " | 4-1-25 |
| 4 | ശാലിനിശിവൻ പാറയിൽ, ആയാംകുടി കടുത്തുരുത്തി | 13-1-25 | 48000/- | " | 31-1-25 |
| 5 | ഗീതാമോൾപി വി മണ്ണാംകുന്നേൽ അറുനൂറ്റിമംഗലം കടുത്തുരുത്തി | 26-10-24 | 48000/- | " | 7-2-25 |
| 6 | ഷിനു അനീഷ് അമ്മഞ്ചേരിൽ കടുത്തുരുത്തി | 26-11-24 | 48000/- | " | 25-2-25 |
| 7 | അഞ്ജുബാബു തുണ്ടുപറമ്പിൽ വടകര, വെള്ളൂർ | 26-12-24 | 48000/- | " | 4-1-25 |
| 8 | വിജയാനന്ദ് പോതമായിൽ തലയോലപ്പറമ്പ് | 23-1-25 | 48000/- | " | 25-2-25 |
| 9 | സരസമ്മമനോഹരൻ ഇടപ്പനാട്ട് മിടായിക്കുന്നം തലയോലപ്പറമ്പ് | 10-2-25 | 48000/- | " | 18-2-25 |
| 10 | രാജമ്മ ഗോപാലകൃഷ്ണൻ കല്ലറ ഗ്രാമപഞ്ചായത്ത് | 11-11-25 | 48000/- | " | 4-1-25 |
| 11 | നീതു രാജപ്പൻ പുത്തൻപറമ്പിൽ പെരുവ | 15-2-25 | 48000/- | " | 17-2-25 |
| 12 | രമണ കെ ആർ പുണിത്തുറയിൽ തലയോലപ്പറമ്പ് | 28-1-25 | 48000/- | " | 31-1-25 |
| 13 | മാത്യു വി സി വാഴപ്പറമ്പിൽ ഞീഴൂർ | | 48000/- | " | 9-1-25 |
| 15 | മാർത്തമ്മജോൺ കുന്നുംകുഴിയിൽ വാക്കാട്, ഞീഴൂർ | | 48000/- | " | 7-1-25 |

മേൽ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് (21/19-8-25) മറുപടി ലഭ്യമാക്കിയില്ല. അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ തുടർഗഡുക്കൾ കൈപ്പറ്റി ഭവനനിർമ്മാണം

പൂർത്തീകരിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തേണ്ടതും നിർമ്മാണം പൂർത്തീകരിക്കുന്നമുറയ്ക്ക് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. പണിതുടർന്ന് നടത്താൻ തയ്യാറാകാത്ത ഗുണഭോക്താക്കളിൽനിന്നും തുക തിരികെ ഈടാക്കി നിശ്ചിതശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം രേഖകൾസഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്-പ്രീമിയം ഒടുക്ക് വിവരങ്ങൾ

1. മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| 25 | 150000 | 150000 | ഇല്ല | - |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

2. മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| ഇല്ല | ----- | ----- | ----- | ----- | ----- |

3. മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ഇല്ല | ---- | ---- | ---- | ---- |

4. മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റെഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| ഇല്ല | ---- | ---- | ---- | ---- | ---- |

4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2024-25 | 14.05.2025 | 13.08.2025 |

ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 13.05.2025 ലെ 9(1) നം. തീരുമാനം പ്രകാരം, വാർഷിക ധനകാര്യ പത്രികക്ക് അംഗീകാരം നൽകി നിയമപരമായ സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് പരിശോധിച്ച് ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|
| കോട്ടയം ജില്ലാ പഞ്ചായത്ത് | 980000/- | 02/25 - പി.എം.എ.വൈ ഭവനനിർമ്മാണം (ജനറൽ) | 980000/- | 0 |
| വെള്ളൂർ ഗ്രാമ പഞ്ചായത്ത് | 291035/- | 02/25 - പി.എം.എ.വൈ ഭവനനിർമ്മാണം (ജനറൽ) | 291035/- | 0 |
| കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത് | 500000/- | 149/25 - കടുത്തുരുത്തി ഗ്രാമപഞ്ചായത്ത്-27-ാം നമ്പർ അങ്കണവാടി നിർമ്മാണം | 500000/- | 0 |

4-4 ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നം.,പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള ഇലക്ട്രിസിറ്റി ബോർഡ് | പ്രോജക്ട് നം.161/25 കല്ലറ ഗ്രാമപഞ്ചായത്തിലെ 7,8,10,11 വാർഡുകളിൽ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 500000/- | - | 500000 /- |

| | | | | |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പ്രോജക്ട് നം.162/25 കല്ലറ ഗ്രാമപഞ്ചായത്തിലെ വാർഡ് 6 ൽ വൃദ്ധരുടെ പകൽ വീട്ടിൽ ആർ.ഒ പ്ലാന്റ് സ്ഥാപിക്കൽ | 540000/- | - | 540000/- |
| | ആകെ | 1040000/- | 0 | 1040000/- |

**4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം**

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുക ചെലവഴിച്ചിട്ടില്ല.

**4-6 വായ്പ/വായ്പ തിരിച്ചടവ്**

ഓഡിറ്റ് വർഷം വായ്പ ഇനത്തിൽ വരവ്, ചെലവ്, തിരിച്ചടവ് എന്നിവ ഇല്ല.

**4-7 സ്ഥിരനിക്ഷേപങ്ങൾ**

വാർഷികകണക്കുകൾ പ്രകാരം സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

**4-8 ഓഡിറ്റ് റിക്കവറി**

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

**4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം**

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3-2 | 2006-07 | 3-31(1) | മരാമത്ത് പ്രവൃത്തികൾക്ക് മുൻകൂർ കൈപ്പറ്റി, പദ്ധതി ഉപേക്ഷിച്ചു | |
| 2005-06 | 3-1 | 2007-08 | 3-35(1) | നബാർഡ്- റീ-ഇംബേഴ്സ് തുക തിരിമറി നടത്തി | ബഹു.നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2006-07 | 3-11 | 2009-10 | 3-11 പൊതു അവലോകനം | കെ.എസ്.ഇ.ബി നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത് | |
| 2019-20 | 1-13 | 2021-22 | 2-3-(4) | വടുകുന്നപ്പുഴ എസ്.സി. ആധുനിക ശ്മശാന നിർമ്മാണം ലക്ഷ്യം കൈവരിച്ചില്ല | |

**4-10 ചാർജ്/ സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം**

തൻവർഷം ചാർജ്/ സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

**4-11 ഓഡിറ്റ് പ്രത്യവലോകനം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) (റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | ₹90,727,466/- |
| ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം) | 86516829/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | ₹78,008,991/- |

| | |
|---|---|
| ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം) | 88,003,206/- |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 5,574,715 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം - ഇല്ല

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 41075 | ഡോ. രമ്യ ആർ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, തലയോലപ്പറമ്പ് |
| 1-13 | 500000 | ശ്രീ. സാം മാത്യു സാബു, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-14 | 2450000 | ശ്രീമതി വിദ്യ വേലായുധൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-16 | 519491 | ശ്രീ. സാം മാത്യു സാബു, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-17 | 250000 | ശ്രീമതി സിന്ധ്യ എൽ.കെ. ക്ഷീര വികസന ഓഫീസർ |
| 1-19 | 274500 | ശ്രീ. പ്രശാന്ത് ബി, വ്യവസായ വികസന ഓഫീസർ |
| 1-22 | 499649 | ശ്രീ. ഷിനോദ് പി.ആർ, സെക്രട്ടറി |
| 1-25 | 1040000 | ശ്രീ. ഷിനോദ് പി.ആർ, സെക്രട്ടറി |
| ആകെ | 5,574,715 | |

**4-12 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1997-98 | എൽ.എഫ്.കെ.പി1/649/04 തീയതി 23.10.14 | 1 |
| 1998-99 | കെഎസ്എ.കെടിഎം.പി15/1789/19/27.2.20 | 3 |
| 1999-00 | കെഎസ്എ.കെടിഎം.പി15/1002/19/28.9.19 | 7 |
| 2002-03 | എൽ.എഫ്.കെ.പി1/139/05 തീയതി 2.7.05 | |
| 2003-04 | എൽ.എഫ്.കെ.പി5/472/21 തീയതി 26.03.22/01.04.22 | 7 |
| 2005-06 | കെഎസ്എ.കെടിഎം.പി.15/1778/19/27.2.20 | 1 |
| 2006-07 | കെഎസ്എ.കെടിഎം.പി.15-1556/22 | 17 |
| 2007-08 | എൽ.എഫ്.കെ.പി9/208/11 തീയതി 11.6.13 | |
| 2008-09 | കെഎസ്എ.കെടിഎം.പി15/894 (200-09)അഡ30.2024തീയ്യതി/21.06.24 | 2 |
| 2009-10 | കെഎസ്എ.കെടിഎം.പി.15-അഡ1/18/808(4)/18, 07.05.18 | 10 |
| 2010-11 | കെഎസ്എ.കെടിഎം.പി.15/804(2010-11)അഡ30.2024 തീയതി 21.06.24 | 2 |

| | | |
|---|---|---|
| 2012-13 | കെഎസ്എ.കെടിഎം.പി.15-അദാ/18/808(7)/18, 07.05.18 | 3 |
| 2013-14 | കെഎസ്എ.കെടിഎം.പി.15-894 (2013-14)അദാ.2024തീയ്യതി/21.06.24 | 1 |
| 2014-15 | കെഎസ്എ.കെടിഎം.പി.15-894 (200-09)അദാ.2024തീയ്യതി/21.06.24 | 01 |
| 2018-19 | കെഎസ്എ-കെടിഎം.പി.15/894(200-09) അദാ.2024 തീയ്യതി/21.06.24 | 05 |
| 2019-20 | നം.കെഎസ്എ-കെടിഎം.പി15/894(200-09) അദാ.2024തീയ്യതി/21.06.24 | 04 |
| 2020-21 | നം.കെഎസ്എ-കെടിഎം.പി15/894(200-09) അദാ.2024തീയ്യതി/21.06.24 | 06 |
| 2021-22 | കെഎസ്എ.കെടിഎം.പി.15/894(1-22) അദാ.2024തീയ്യതി/21.06.24 | 5 |
| 2022-23 | കെഎസ്എ.കെടിഎം.പി.15/11145/2023 തീയ്യതി/24.03.25 | 6 |
| 2023-24 | കെഎസ്എ.കെടിഎം.പി.15/1553/2024 തീയ്യതി/02.02.25 | 10 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 9(I) dated 13-05-2025 and submitted on 14-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Kaduthuruthy Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Kaduthuruthy Block Panchayat as on 31-03-2025

Date: 09/10/2025

Senior Deputy Director
District Office Kottayam
Kerala State Audit Department

## Audit Report appended to the Audit Certificate of Kaduthuruthy Block Panchayat for the Year 2024-2025 .

1.Major Observations

1. **Valuation process of Panchayat assets as per instructions in G.O.(Ms)152/2011 dated 26.07.2011 not yet completed and asset register not kept upto date.**
2. **Documents for verification of accuracy of Panchayath general fund and capital contribution not provided.**
3. **Accumulated depreciation of certain Assets exceeds its net asset value as on 31-03-2025**

2.Other Observations

1. **Redemption amount Of current year Rs. 3765431/- is not accounted in Receipt &Payment and Balance Sheet**
2. **Total SanitationÂ Balance amount is not accounted as liability**
3. **Transactions regarding MGNREGS, are not routed through I&E account and hence not been reflected in the AFS.**
4. **Certain amounts with no transactions and having zero balances are shown in RP-Schedule.**
5. **Correctness of items under 412010101-Capital work in Progress cannot be ascertained.**
6. **Deposit Register is not properly maintained to substantiate figures as per financial statements**
7. **Government and other dues register not maintained.**

**Senior Deputy Directc**
**District Office Kottayam**
**Kerala State Audit Department**

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Kaduthuruthy Block Panchayat
## BALANCE SHEET

For the period from 01-April-2024 to 31-March-2025

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 28997879.00 |
| 312000000 | Reserves | B-3 | 66255961.00 |
| | **Total Reserve & Surplus** | | **95253840.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8464819.00 |
| | **Total Grants, Contributions for Specific Purposes** | | **8464819.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 0.0 |
| | **Total Loans** | | **0.0** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 908377.00 |
| 350000000 | Other Liabilities | B-9 | 18000.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **926377.00** |
| | **TOTAL LIABILITIES** | | **104645036.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 125901852.00 |
| 411000000 | Accumulated Depreciation | B-11 | -37379941.00 |
| 412000000 | Capital Work in Progress | B-11(a) | 1103120.00 |
| | **Total Fixed Assets** | | **89625031.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 431000000 | Sundry Debtors (Receivables) | B-15 | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 12718475.00 |
| 460000000 | Loans, Advances and Deposits | B-18 | 2301530.00 |
| | **Total Current Assets, Loans and Advances** | | **15020005.00** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |

| | | |
|---|---|---|
| | TOTAL ASSETS | 1046450336.00 |

# Kaduthuruthy Block Panchayat

## INCOME & EXPENDITURE STATEMENT

For the period from 01-April-2024 to 31-March-2025

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 19225.00 |
| 140000000 | Fee & User Charges | I-4(b) | 359823.00 |
| 150000000 | Sale & Hire Charges | I-5(b) | 139676.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 85895887.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 8551.00 |
| 180000000 | Other Income | I-9 | 93667.00 |
| | **Total Income** | | **86516829.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 2547167.00 |
| 220000000 | Administrative Expenses | I-11(b) | 1816127.00 |
| 230000000 | Operations & Maintenance | I-12(b) | 624166.00 |
| 240000000 | Interest & Finance Charges | I-13 | 24.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 9914947.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 27024212.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 29073202.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 648692.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 670797.00 |
| 255000000 | Maintenance Projects | I-14(e) | 10232362.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 29660.00 |
| 272000000 | Depreciation | I-17(a) | 5421850.00 |
| | **Total Expenditure** | | **88003206.00** |
| | **Gross Surplus / Deficit of income over Expenditure** | | **-1486377.00** |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | 9100.00 |
| | **Net difference (Prior period Income - Prior period Expenditure)** | | **-1495477.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

# Kaduthuruthy Block Panchayat

## RECEIPT & PAYMENT STATEMENT

For the period from 01-April-2024 to 31-March-2025

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 3762268.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 130000000 | Rental income from Panchayat Properties | RP-3 | 15750.00 |
| 140000000 | Fees & User Charges | RP-4 | 336773.00 |
| 150000000 | Sale & Hire Charges | RP-5 | 132507.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 63827044.00 |
| 171000000 | Interest Earned | RP-9 | 8551.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 18233723.00 |
| 350000000 | Other Liabilities | RP-36 | 18000.00 |
| | **Non Operating** | | |
| 170000000 | Income from Investments | RP-8 | 0.0 |
| 180000000 | Other Income | RP-10 | 93667.00 |
| 340000000 | Deposits Received | RP-34 | 299598.00 |
| 350000000 | Other Liabilities | RP-36 | 28120.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3417875.00 |
| 460000000 | Loans, Advances and Deposits | RP-47 | 553590.00 |
| | **Grand total** | | **90727466.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 2547167.00 |
| 220000000 | Administrative Expenses | RP-12 | 1816127.00 |
| 230000000 | Operations & Maintenance | RP-13 | 624166.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5657721.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 23603381.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 9046821.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 129301.00 |
| 255000000 | Maintenance Projects | RP-20 | 10232362.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 29660.00 |

| | | | |
|---|---|---|---|
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | 9100.00 |
| 350000000 | Other Liabilities | RP-36 | 10714196.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 24.00 |
| 340000000 | Deposits Received | RP-34 | 228019.00 |
| 350000000 | Other Liabilities | RP-36 | 553442.00 |
| 410000000 | Fixed Assets | RP-38 | 9958314.00 |
| 412000000 | Capital work in Progress | RP-40 | 1103120.00 |
| 460000000 | Loans, Advances and Deposits | RP-47 | 1756170.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 12718475.00 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **90727466.00** |